കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുണ്ടേരി ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ/സി.6/330/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി: 11.06.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുണ്ടേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: മുണ്ടേരി ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-14,1-25,1-33,1-34,3-1 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഏയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ./കെ.എൻ.ആർ/സി.6/330/2020

തീയതി:11.06.2020.

# കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 24.09.2018 മുതൽ 05.03.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ എം.പി, ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06-03-2020 മുതൽ 20-03-2020 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അനൂപ്.കെ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പ്രമോദ്.കെ | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ. പങ്കജാക്ഷൻ | 01-04-2018മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ. സി.പി. സജീവൻ | 01.04.2018 മുതൽ 27.09.2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി.മഹിജ.കെ. (ഇൻ-ചാർജ്ജ്) | 28.09.2018 മുതൽ 11.10.2018 വരെ |
| | ശ്രീ. കെ. പ്രകാശൻ | 12.10.2018 മുതൽ 31.03.2019 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.നിജേഷ് സി | 01-04-2018മുതൽ 23-11-2018 വരെ |
| | ശ്രീ.ശ്രീരാഗ് (ഇൻചാർജ്ജ്) | 24-11-2018മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ചിഞ്ചു വി.എസ് | 01-04-2018മുതൽ 31-03-2019 വരെ |
| വി.ഇ.ഒ. (മുണ്ടേരി ) | ശ്രീമതി .സീമ ഇ | 01-04-2018മുതൽ 31-03-2019 വരെ |
| വി.ഇ.ഒ. (കാഞ്ഞിരോട്) | ശ്രീ.സുജിത്ത് പി | 01-04-2018മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ(CHC) | ഡോ.കെ.പി അഷറഫ് | 01-04-2018മുതൽ 31-03-2019 വരെ |
| വെറ്റിനറി സർജൻ | ഡോ.ദീപ ജയപാൽ | 01-04-2018മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.മുംതാസ് ടി.വി | 01-04-2018മുതൽ 31-03-2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പ്രദീപ് പി | 01-04-2018മുതൽ 31-05-2018 വരെ |
| | ശ്രീ.ചന്ദ്രൻ കെ.വി | 01-06-2018മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വി. രാമചന്ദ്രൻ | 1-04-2018മുതൽ 23-06-2018 വരെ |
| | ശ്രീമതി .മഹിജ കെ | 24-06-2018മുതൽ 31-03-2019 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം ) | ഡോ.വീണ പി | 01-04-2018മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| | | |

| | | |
|---|---|---|
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി -അപാകങ്ങൾ . | 1-12 |
| 13 | എഫ്.ടി.ഇ&ഒ.എസ് ലൈസൻസ്-അപാകങ്ങൾ. | 1-13 |
| 14 | കെട്ടിടങ്ങളുടെ ഉപയോഗക്രമം - അപാകങ്ങൾ. | 1-14 |
| 15 | ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കാത്തത് സംബന്ധിച്ച-അപാകങ്ങൾ. | 1-15 |
| 16 | വാടക ബൈലോ തയ്യാറാക്കിയിട്ടില്ല | 1-16 |
| 17 | കുമ്മായവിതരണം - സർക്കാർ ഉത്തരവ് പാലിക്കാതെ അധിക സബ്സിഡി ൽകിയ 94744/- അംഗീകരിക്കുന്നില്ല . | 1-17 |
| 18 | സ്റ്റോക്ക് വിവരങ്ങൾ ആധികാരികമല്ല - ചെലവഴിച്ച 264000/- രൂപ തടസ്സപ്പെടുത്തുന്നു | 1-18 |
| 19 | വയോജനങ്ങൾക്ക് കട്ടിൽ - നടപടിക്രമങ്ങൾ പാലിച്ചില്ല | 1-19 |
| 20 | പരമ്പരാഗത കൈത്തൊഴിലിന് പ്രോൽസാഹനം - നിർവ്വഹണത്തിൽ അപാകം ചെലഴിച്ച 1,80,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-20 |
| 21 | എസ്.സി.കോളനിയിൽ സ്ട്രീറ്റ് ലൈൻ വലിക്കലും എൽ.ഇ.ഡി. സ്ഥാപിക്കലും - കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-21 |
| 22 | ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത്-രശീതി പുസ്തകം കൈകാര്യം ചെയ്യുന്നതിൽ വീഴ്ച | 1-22 |
| 23 | ഫ്രണ്ട് ഓഫീസ് ജനസൗഹൃദമാക്കുന്നതിന് വേണ്ടി വാങ്ങിയ ഫർണിച്ചറുകൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായില്ല. | 1-23 |
| 24 | കേന്ദ്രീകൃത വാങ്ങൽ സമ്പ്രദായത്തിന്റെ അഭാവത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു. | 1-24 |
| 25 | എസ്റ്റിമേറ്റ് പുതുക്കി ഭരണസമിതി അംഗീകാരം വാങ്ങാതെ ചെലവു തുക നൽകി -₹614910 തടസ്സപ്പെടുത്തുന്നു. | 1-25 |
| 26 | ചെലവുരേഖകൾ സ്റ്റോക്ക് റജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല ₹139585 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 27 | പച്ചക്കറികൾ, ഇന്ധനം എന്നിവക്കുവേണ്ടി ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല ₹1458 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |

| | | |
|---|---|---|
| 28 | TAX INVOICE BILL ഇല്ലാതെ തുക അനുവദിക്കുന്നു. ₹837793ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 29 | അരി,ന്യൂട്രിമിക്സ് എന്നിവ വിതരണം ചെയ്തതിന്റെ രേഖയില്ലാതെ വാഹന ചാർജ് അനുവദിച്ചു. ₹11147ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 30 | ബഡ്സ് സ്കൂളിന് ഫർണിച്ചർ വാങ്ങിയതിലെ അപാകങ്ങൾ – ചെലവ് തുക ₹ 51204 രൂപ തടസ്സപ്പെടുത്തുന്നു. | 1-30 |
| 31 | പാലിയേറ്റീവ് പരിചരണ പദ്ധതി-അപാകങ്ങൾ. | 1-31 |
| 32 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.മുണ്ടേരി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ-അപാകങ്ങൾ. | 1-32 |
| 33 | കമ്പ്യൂട്ടർ ഇല്ലാത്ത ഹോമിയോ ഡിസ്പൻസറിക്ക് കമ്പ്യൂട്ടർ ടേബിൾ വാങ്ങിനൽകി - അനാവശ്യചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 1-33 |
| 34 | ക്ഷേമ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻ തുക അക്കൗണ്ടിലേക്ക് നൽകി | 1-34 |
| 35 | ജി എസ് ടി വിഹിതം കൃത്യമായി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കുന്നില്ല. | 1-35 |
| 36 | പ്രതിമാസ പരിധി ബാധകമാക്കാതെ ഡ്രൈവർക്ക് യാത്രാബത്ത അനുവദിച്ചു - ₹6749 തിരിച്ചടവാക്കേണ്ടതാണ് | 1-36 |
| 37 | ലൈബ്രറി സെസ്സ് കൃത്യമായി അടവാക്കുന്നില്ല. | 1-37 |
| 38 | നിശ്ചിത നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷുറൻസ് പോളിസി അടവാക്കുന്നില്ല | 1-38 |
| 39 | സ്റ്റേഷനറി സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ₹72659 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-39 |
| 40 | ശുചിത്വമിഷൻ ഫണ്ട് മുഴുവനും ചെലവഴിച്ചില്ല. | 1-40 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 41 | കുമ്മായവിതരണം - സർക്കാർ ഉത്തരവ് പാലിക്കാതെ അധിക സബ്സിഡി നൽകിയ 94,744/- രൂപ അംഗീകരിക്കുന്നില്ല. | 3-1 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 42 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 43 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 44 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 46 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 47 | സ്ഥിര നിക്ഷേപം | 4-6 |
| 48 | ഓഡിറ്റ് റിക്കവറി | 4-7 |
| 49 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 50 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 53 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 54 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 55 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 56 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.03.2018തീയതിയിലെ 39/18 നം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 15000000 |
| വരവ് | 157532900 |
| ആകെ | 172532900 |
| ചെലവ് | 165743600 |
| നീക്കിയിരിപ്പ് | 6789300 |

പുതുക്കിയ ബജറ്റ് 21.02.2019 തീയതിയിലെ 15/19 തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാസ്സാക്കിയിട്ടുണ്ടെങ്കിലും ഭരണ സമിതി അംഗീകരിച്ചതായി മിനുട്സിൽ ചേർത്തിട്ടില്ലയെന്നത് ന്യൂനതയാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 17.05.2019 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 32881437.50 |
| വരവ് | 68107694.00 |
| ആകെ | 100989131.50 |
| ചെലവ് | 62099960.00 |
| നീക്കിയിരിപ്പ് | 38889171.50 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 17204615 | 17204615 | 16650524 | 554091 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 3028000 | 3028000 | 3028000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 13862000 | 13862000 | 8603589 | 5258411 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4027000 | 4027000 | 3644691 | 382309 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 10008692 | 10008692 | 4605764 | 5402928 |
| സാക്ഷരത | | 68939 | 2799 | 71738 | 0 | 71738 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 17189724 | 17189724 | 17189724 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1399 | 518738 | 520137 | 516924 | 3213 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | |
| ഐ.സി.ഡി.എസ് | | 1444314 | 1029964 | 2474278 | 983964 | 1490314 |
| ടി.എസ്.സി | | 80000 | 0 | 80000 | 0 | 80000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2468600 | 2468600 | 2468600 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 560000 | 560000 | 560000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | | 0 | 662160 | 662160 | 662160 | 0 |
| തനത് ഫണ്ട് * | ബാങ്ക് അക്കൗണ്ട് | 9108022 | 7096967 | 16204989 | 5985296 | 10219693 |

* ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2018-19 വർഷം 13201643/-രൂപ ലഭിച്ചിട്ടുണ്ട്.തുക നിക്ഷേപിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള ട്രഷറി ടി.എസ്.ബി അക്കൌണ്ടിൽ മറ്റ് തുകകളും നിക്ഷേപിച്ച് ചെലവ് നടത്തുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റേത് മാത്രമായിട്ടുള്ള വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 138 | 70854665 | 104 | 44341370 * | 47 | 34 | 54.81 |

ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 18598174 | 16042978 | 86.26 |
| എസ്.സി.പി | 3377998 | 3028000 | 89.64 |
| ടി.എസ്.പി | 151000 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 9681991 | 4605764 | 47.57 |
| കേന്ദ്രാവിഷ്കൃതം | 2582631 | 1173965 | 45.46 |
| സംസ്ഥാനാവിഷ്കൃതം | 412500 | 51204 | 12.41 |
| തനത് ഫണ്ട് | 8196639 | 3987580 | 48.65 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2468600 | 2468600 | 100 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 560000 | 560000 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 16268162 | 8603589 | 52.89 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 6369776 | 3644691 | 57.22 |
| മറ്റുള്ളവ | 2187194 | 175000 | 8 |
| ആകെ | 70854665 | 44341370 * | 62.58 |

* സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് കണക്കുകളാണ് മേൽ കാണിച്ചിട്ടുള്ളത്. എന്നാൽ യഥാർത്ഥ ചെലവും സുലേഖ സ്റ്റേറ്റ്മെന്റിലെ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സമഗ്രനെൽകൃഷി വികസനം (പ്രോജ.നം.26/19)എന്ന പ്രോജക്ടിലെ വികസന ഫണ്ട് സാധാരണ വിഹിതത്തിലെ മുഴുവൻ ചെലവുകളും സുലേഖ കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ചെലവായ 567855/-രൂപ കണക്കിൽ വന്നിട്ടില്ല. അതുപോലെ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി

നടപ്പിലാക്കിയ സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ എന്ന (പ്രോജ.നം.142/19) പ്രോജക്ടിലെ സാധാരണ വിഹിതത്തിലെ 39691/-രൂപ ചെലവ് പത്രികയിൽ വന്നിട്ടില്ല. ഇപ്രകാരം ആകെ 607546/-രൂപ ചെലവ് പത്രികയിൽ വികസന ഫണ്ട് സാധാരണ വിഹിതത്തിൽ ഉൾപ്പെട്ടിട്ടില്ല. സാങ്കേതികമായി വന്നിട്ടുള്ള ഇത്തരം പിഴവുകൾ സമയബന്ധിതമായി പരിഹരിക്കാൻ പഞ്ചായത്തിന് സാധിക്കാതെപോയത് പോരായ്മയായി ഇപ്പോഴും അവശേഷിക്കുന്നു. ഇത്തരം അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കില്ലെന്ന് ഉറപ്പ് വരുത്തേണ്ടതായുണ്ട്.

ഗ്രാമപഞ്ചായത്തിന് 2018-19 വർഷം അനുവദിക്കപ്പെട്ട ഫണ്ടുകൾ ചെലവഴിക്കപ്പെടാതെ ബാക്കിയായതിനാൽ പാഴായത് 1കോടി 16 ലക്ഷം രൂപയാണ് . ഇതിൽ 91.52 ലക്ഷം രൂപ മാർച്ച് അവസാന വാരം ട്രഷറിയിൽ ബില്ല് സമർപ്പിച്ച ക്യൂബില്ലിൽ ഉൾപ്പെട്ട തുകയാണ്. ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു. ക്യൂബിൽ ഉൾപ്പെട്ട 91.52ലക്ഷം രൂപയിൽ 83.84 ലക്ഷം രൂപയും അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ബില്ലുകൾ സമയബന്ധിതമായി ട്രഷറിയിൽ സമർപ്പിക്കാത്ത ബില്ലുകളാണ് .

| ഫണ്ട് | ക്യൂബില്ലിൽ ഉൾപ്പെട്ട തുക | ചെലവാകാത്ത തുക | നഷ്ടമായ മൊത്തം തുക |
|---|---|---|---|
| വികസനഫണ്ട് | 627476 | 73385 | 554091 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3826888 | 1576040 | 5402928 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 361483 | 20826 | 382309 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 4336087 | 922324 | 5258411 |
| ആകെ | 91,51,934 | 24,45,805 | 1,15,97,739 |

സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ അതാത് സാമ്പത്തിക വർഷം ചെലവഴിക്കാഞ്ഞാൽ വർഷാവസാനം നഷ്ടമാകും എന്നതിനാൽ പദ്ധതി പണം പാഴാകാതിരിക്കുന്നതിന് ആവശ്യമായ മുന്നൊരുക്കം നേരത്തെതന്നെ നടത്തേണ്ടതായിരുന്നു.സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ വിനിയോഗത്തിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഉണ്ടാകേണ്ടതായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയും ഗൗരവവും ഉണ്ടായില്ലായെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് വർഷാരംഭത്തിൽതന്നെ തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ മോണിറ്റർ ചെയ്യണം. എന്നാൽ ഓഡിറ്റ് കാലയളവിൽ മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രോജക്ടുകൾ അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതുണ്ടെങ്കിലും കമ്മിറ്റി പലപ്പോഴും യോഗം ചേർന്ന് പദ്ധതികളുടെ ജയ പരാജയങ്ങൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടില്ല. ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് കമ്മിററികൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താത്തത് നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചയായി കാണുന്നു. പഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ

നടത്തിയിട്ടില്ല. പ്രോജക്ട് മോണിറ്ററിംഗിൽ സംഭവിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഈ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും ശ്രദ്ധയിൽ ക്കൊണ്ടുവരുന്നു.

20 വാർഡുകളിലും ഗ്രാമ സഭകൾ 4 തവണ വീതം ചേർന്നിട്ടുണ്ട്. ഗ്രാമസഭകളിൽ കൂടുതൽ ജനപങ്കാളിത്തം ഉണ്ടാക്കുന്നതിനാവശ്യമായ പ്രവർത്തനത്തിൽ ഊന്നൽ നൽകേണ്ടതായുണ്ട്. ഗ്രാമസഭ മിനിട്സുകൾ അതത് സമയങ്ങളിൽ എഴുതി പൂർത്തീകരിക്കാതെ പേജിൽ സ്ഥലം ഒഴിച്ചുവിടുന്ന പ്രവണത ഒഴിവേക്കേണ്ടതായുണ്ട്. പ്രത്യേകിച്ചും വ്യക്തിഗതാനുകൂല്യങ്ങൾക്കായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളുടെ പേർ വിവരം എഴുതിയശേഷം സ്ഥലം ഒഴിച്ചുവെക്കുന്ന രീതി ഗുണഭേക്തൃ തെരഞ്ഞെടുപ്പിന്റെ സുതാര്യതയെ ബാധിക്കുമെന്നതിനാൽ ഇത് കർശനമായും ഒഴിവാക്കേണ്ടതാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1399 | 518738 | 520137 | 516924 | 3213 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 17189724 | 17189724 | 17189724 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 144360 | 60 |
| കർഷകതൊഴിലാളി പെൻഷൻ | 6461000 | 550 |
| വിധവാപെൻഷൻ | 15948200 | 1280 |
| വാർദ്ധക്യകാലപെൻഷൻ | 29837300 | 2480 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 4833900 | 380 |
| 50 വയസിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2069900 | 165 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.03.2020ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,042/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ചേർന്ന യോഗങ്ങളിൽ പഞ്ചായത്തിന്റെ നികുതി പിരിവ് പുരോഗതി, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തൽ എന്നിവയാണ് മിക്കവാറും എല്ലായ്പ്പോഴും അവലോകനം നടത്തിയിട്ടുള്ളത്. എന്നാൽ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം കാര്യമായി വിലയിരുത്തപ്പെടുന്നില്ല.യോഗത്തിന്റെ അജണ്ടകൾ എന്തൊക്കെയാണെന്ന് മിനിട്സിൽ എഴുതിച്ചേർക്കുന്നില്ല. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് നൽകുന്ന നിർദ്ദേശങ്ങൾ അവർ നോട്ട് ചെയ്യാതിരിക്കുന്നതായി കാണുന്നു.ഉദാഹരണം സെക്രട്ടറി 27.06.2018,13.07.2018 തീയ്യതികളിൽ നൽകിയ ഓഫീസ് ഉത്തരവ് ആരും കണ്ടിട്ടില്ല. 19.07.2018 തീയ്യതിയിൽ പുറപ്പെടുവിച്ച 20/18 നമ്പർ ജോലി വിഭജനരേഖ A1,A3 സെക്ഷനുകൾ നോട്ട് ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ മേൽനോട്ടച്ചുമതലയുള്ള മേൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചവന്നതായി കാണുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് എല്ലാമാസവും അംഗീകരിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ പൊതുവെ നല്ലരീതിയിൽ നടന്നുവരുന്നുണ്ട് .

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 162(എ)പ്രകാരം പൊതു ഭരണം എന്ന ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. പഞ്ചായത്തിന്റെ ഭരണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് പൊതുഭരണ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതാണ്. ഓഫീസിന്റെ ആഭ്യന്തര സംവിധാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ ഓഫീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തൽ, ഫ്രണ്ട് ഓഫീസ് നടത്തിപ്പ്, നൽകുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തൽ, ഓഫീസ് ചുമതലാ വിഭജനവും പ്രവർത്തനവും, സ്റ്റാഫ് മീറ്റിംഗ് നടത്തിപ്പും വിലയിരുത്തലും തുടങ്ങിയ വിഷയങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.02.2020, 18.02.2020 | 1/20 | 18.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.09.2009 | 2004-05 മുതൽ 2008-2009 വരെ | 3.11.2009 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.ദുരിതാശ്വാസ നിധി - റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് (RP 40 b) വരവ് ചെലവുമായും പൊരുത്തപ്പെടുന്നില്ല.

2.2018-19-ലെ വസ്തു നികുതിയിനത്തിൽ സഞ്ചയ ഡി.സി.ബി. പ്രകാരം 72352/- രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റിനത്തിൽ കാണിച്ചിട്ടുണ്ട്. ഈ തുക കൂടി കണക്കിലെടുത്താണ് തൻ വർഷ കലക്ഷൻ ശതമാനം കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഈ തുകയുടെ കൃത്യത ഉറപ്പു വരുത്തുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3.2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 62-ൽ നിഷ്കർഷിക്കും പ്രകാരമുള്ള താഴെ പറയുന്ന വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1. അടിസ്ഥാന അനുപാതങ്ങൾ

2. പ്രധാന അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ

# 1-12 തൊഴിൽ നികുതി -അപാകങ്ങൾ .

മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(എ).ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന താഴെപ്പറയുന്ന തരത്തിലുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1)അംഗൻ വാടി വർക്കർ,ഹെൽപ്പർ.

2)പാലിയേറ്റീവ് നേഴ്സ്.ഡ്രൈവർ.

3)വിവിധ മരാമത്ത് പ്രവൃത്തികൾ ചെയ്യുന്ന കരാറുകാർ.

(ബി)2018-19 സാമ്പത്തിക വർഷം എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ ജോലി ചെയ്യുവരിൽ നിന്നും 2018-19 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം | ഉടമസ്ഥന്റെ പേര്/ സ്ഥാപനം | വാർഡ് നം/ കെട്ടിട നം | ഉപയോഗ ക്രമം | ജോലി ചെയ്യുന്നവരുടെ എണ്ണം |
|---|---|---|---|---|
| 294 | പ്രസീത.കെ | 6/324 | തുണിത്തരങ്ങളുടെ വില്പന | 5 |
| 301 | സെക്രട്ടറി ഊർജ്ജശ്രീ ന്യൂട്രിമിക്സ് | 13/342 | ന്യൂട്രിമിക്സ് നിർമ്മിച്ച് വിൽപന | 5 |
| 302 | ചക്കരക്കൊട്ടുമ്മൽ രാജീവൻ. | 13/586 | ബേക്കറി നടത്തുന്നതിന് | 5 |
| 303 | തിരുമംഗലത്ത് ഷൈനി | 9/എഫ് 28, 29,30,31,32 | ബേക്കറി നടത്തുന്നതിന് | 5 |
| 359 | മേൻമ ഫുഡ് പ്രൊ ഡക് റ്റ് | 17/110 | മുളക്,മല്ലി,അരി ഗോതമ്പ് എന്നിവ പൊടിച്ച് പാക്ക് ചെയ്ത് വിൽപന | 4 |
| 364 | സോമൻ.കാണി | 14/244 | പവർലൂം തുണി | 4 |

| | | | | |
|---|---|---|---|---|
| | | | നെയ്ത്ത് | |
| 372 | സഫീറ.കെ | 3/216,218,219 | കമ്പി,സിമന്റ് വിൽപന | 4 |
| 378 | ശ്രീജിത്ത്.എൻ ജഗദീഷ്.കെ.വി | 13/173 | ഇലക്ട്രിക്കൽ&പ്ലംബിംഗ് മെറ്റീരിയൽ വിൽപന | 5 |
| 382 | എ.രാജപത്മനാഭൻ | 6/548 | വെളിച്ചെണ്ണ നിർമ്മാണവും വിൽപനയും | 4 |

2018-19 സാമ്പത്തിക വർഷം എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനങ്ങളിലെയും തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ആളുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(സി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ204(1) (ii)(എ)(1) പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. എന്നാൽ K.S.E.B ഇലക്ട്രിക്കൽ മേജർ സെക്ഷൻ -ഏച്ചൂരിലെ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരിൽ നിന്നും 2018-19 സാമ്പത്തിക വർഷം ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | പേര് | ഉദ്യോഗപേര് | ഓഫീസ് സ്ഥല മാറ്റം അനുവദിച്ച തീയ്യതി |
|---|---|---|---|
| 1 | മഹേഷ്.പി | സബ് എഞ്ചിനീയർ | 2.7.2018 |
| 2 | ടൈസൺ മാത്യു | സബ് എഞ്ചിനിയർ | 3.7.2018 |
| 3 | നിധിൻ.കെ.പി | മീറ്റർ റീഡർ | 5.7.2018 |
| 4 | സുരേഷ്.എൻ.സി | ലൈൻമാൻ | 5.7.2018 |
| 5 | രാജീവൻ.മൂലേരിപൊയിൽ | ലൈൻമാൻ | 2.7.2018 |

(ഡി)220 K.V.സബ്സ്റ്റേഷൻ സബ്ഡിവിഷൻ -കാഞ്ഞിരോട് 2018-19-ഒന്നാം അർദ്ധ വർഷം സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺസിൽ Ajeesh.K.A(A.E), Ratheesh.V(A.E) എന്നീ ഉദ്യോഗസ്ഥർക്ക് യഥാക്രമം പാലക്കാട്, വിയ്യൂർ എന്നിവിടങ്ങളിലേക്ക് സ്ഥലമാറ്റം അനുവദിച്ചു എന്നല്ലാതെ കൃത്യമായ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും ഒന്നാം അർദ്ധ വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/18-19.തീയ്യതി.12.3.2020) തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് എന്ന സാക്ഷ്യപത്രം ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ആധാരമായ രേഖകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സ്ഥാപന മേലധികാരികൾ

സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേണുകൾ സൂക്ഷ്മപരിശോധന നടത്തി പ്രസ്തുത അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 എഫ്.ടി.ഇ&ഒ.എസ് ലൈസൻസ്-അപാകങ്ങൾ.

(1) മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ 2018-19 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച ചില അപേക്ഷകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ടോ സെക്രട്ടറിയുടെ തീരുമാനമോ ഇല്ലാതെയാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ/ ഉടമസ്ഥന്റെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉപയോഗ ക്രമം |
|---|---|---|---|
| 4 | ഇ.എം.കമാലുദ്ദീൻ | 19/265 | അനാദിക്കട |
| 11 | ഒറവിൻ ചന്ദ്രോത്ത് ബാലകൃഷ്ണൻ | 13/95 | പലചരക്ക് കച്ചവടം |
| 36 | എ.അബ്ദുള്ള | 6/664 | കാർ പോളിഷിംഗ് |
| 276 | പി.വി.ചന്ദ്രൻ | 18/294എ | സോഡാ ഫാക്ടറി |

2.മുണ്ടേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.4.2018-ലെ 1/40/2018 നമ്പർ തീരുമാന പ്രകാരം 31.10.2017-ലെ ജി.ഒ.(പി)നം.80/2017.ത.സ്വ.ഭ.വ-ഉത്തരവ് പരിഗണിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും. 2018-19 സാമ്പത്തിക വർഷം അനുവദിച്ച ഏതാനും ലൈസൻസുകൾ മൂലധന നിക്ഷേപം രേഖപ്പെടുത്താതെയാണ്. വിശദവിവരം ചുവടെകൊടുക്കുന്നു. ആയതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ/ ഉടമസ്ഥന്റെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉപയോഗ ക്രമം |
|---|---|---|---|
| 267 | കുന്നത്ത് ജയന്തി പ്രമോദ് കുമാർ.കെ | 6/219 | സ്വർണ്ണം,വെള്ളി ആഭരണ നിർമ്മാണവും, വിൽപനയും |
| 276 | പി.വി.ചന്ദ്രൻ | 18/294എ | സോഡാ ഫാക്ടറി |

3.ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കള്ള് ഷാപ്പുകൾ, അക്ഷയകേന്ദ്രങ്ങൾ. റേഷൻ കടകൾ എന്നിവ എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം.നം.16/18-19.തീയ്യതി.12.03.2020) നൽകിയ മറുപടി തൃപ്തികരമല്ല. എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്താത്തതിനാൽ കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിൽ പോലും മാറ്റം സംഭവിച്ചിട്ടുണ്ട്. ലഭ്യമാകുന്ന മുഴുവൻ അപേക്ഷകളുടെയും സൂക്ഷ്മ പരിശോധന നടത്തി ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 കെട്ടിടങ്ങളുടെ ഉപയോഗക്രമം - അപാകങ്ങൾ.

മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ എഫ്.ടി.ഇ &ഒ.എസ് ലൈസൻസ് രജിസ്റ്ററും സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ വിവരവും ഒത്തുനോക്കിയതിൽ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി ഉപയോഗിക്കുന്നതായി കാണുന്നു. മാത്രമല്ല എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ലഭ്യവുമല്ല. ചില ഉദാഹരണങ്ങൾചുവടെ കൊടുക്കുന്നു.

| എഫ്.ടി.ഇ& ഒ.എസ് രജിസ്റ്റർ പ്രകാരം ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | സ്ഥാപനം/ ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണ്ണം ച.മീറ്റർ | കെട്ടിടത്തിന്റെ ഉപയോഗ ക്രമം എഫ്.ടി.ഇ &ഒ.എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം | കെട്ടിടത്തിന്റെ ഉപയോഗ ക്രമം സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ പ്രകാരം | ഈടാക്കിയ വസ്തു നികുതി നിരക്ക് ച.മീറ്ററിന് ₹ |
|---|---|---|---|---|---|---|
| 17 | 11/247 | വാഴയിൽ രവീന്ദ്രൻ | 88 | അനാദിക്കട | പാർപ്പിടാവശ്യം | 4 |
| 19 | 3/118ബി | നൂറുദ്ദീൻ. ടി.എം | 115.26 | ഫ്ലോർ മിൽ | പാർപ്പിടാവശ്യം | 4 |
| 83 | 1/361<br>1/362 | റഫീക്ക്. ടി.പി | 133<br>145 | ഫാൻസിക്കട | പാർപ്പിടാവശ്യം | 4 |
| 108 | 8/58 | നാസർ.കെ | 10 | കസേര, പന്തൽ വാടകയ്ക്ക് നൽകൽ | പാർപ്പിടാവശ്യം | 4 |
| 123 | 9/88 | എ.സതീശൻ | 169 | സ്റ്റേഷനറി | പാർപ്പിടാവശ്യം | 4 |
| 131 | 9/27 | അബ്ദുൾ സലാം.കെ | 110.64 | സ്റ്റേഷനറി | പാർപ്പിടാവശ്യം | 4 |
| 142 | 3/52 | വി.വി.അബ്ദുൾ ഖാദർ | 124 | ബേക്കറി | പാർപ്പിടാവശ്യം | 4 |
| 148 | 2/300എ | എം.വി.മുഹമ്മദ് കുട്ടി | 289.65 | മലഞ്ചരക്ക് | പാർപ്പിടാവശ്യം | 4 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വ്യാപാരം | | |
| 149 | 2/309 | കെ.കെ.മുഹമ്മദ് അശ്രഫ് | 113 | ഹോട്ടൽ | പാർപ്പിടാ വശ്യം | 4 |
| 150 | 11/452 | കേളമ്പേത്ത് മധുസൂദനൻ | 2 | അനാദിക്കട | കാർഷീകാവ ശ്യത്തിനുള്ള പമ്പ് ഹൗസ് | 0 |
| 154 | 14/165 | ലിനീഷ്.പി.പി | 36 | ഗോഡൗൺ | പാർപ്പിടാ വശ്യം | 4 |
| 159 | 8/354 | സി.എ.അബ്ദുൾ ഖാദർ | 136 | പലചരക്ക് കട | പാർപ്പിടാ വശ്യം | 4 |
| 160 | 16/492 | വിജേഷ്.കെ | 20 | ഗ്രിൽസ,ഗെയ്റ്റ് എന്നിവയുടെ നിർമ്മാണം | വ്യവസായ ആവശ്യ ത്തിനുള്ള കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 10 |
| 163 | 16/494 | പുരുപുരുത്താൻ ഗണേശൻ | 25 | ധാന്യങ്ങൾ പൊടിക്കുന്നതിന് | വ്യവസായ ആവശ്യ ത്തിനുള്ള കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 10 |

2.സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമല്ലാത്ത എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് നൽകിയ കെട്ടിടത്തിന്റെ വിവരം.ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| എഫ്.ടി.ഇ &ഒ.എസ് രജിസ്റ്റർ പ്രകാരം ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | എഫ്.ടി.ഇ& ഒ.എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ഉപയോഗ ക്രമം. |
|---|---|---|
| 19 | 3/118സി | ഫ്ലോർ മിൽ |
| 97 | 8/336എ | ഫാൻസി & സ്റ്റേഷനറി |
| 116 | 9/36ബി | സി.വി.കെ.റക്സിൻ |

മുകളിൽ കൊടുത്ത കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റി ഉപയോഗിക്കുന്നതിനും കെട്ടിടങ്ങളുടെ ഡാറ്റ സംബന്ധിച്ച വിവരം സഞ്ചയയിൽ ഉൾപ്പെടുത്താതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം.നം11/18-19.തീയ്യതി.11.3.2020. ) ഭാവിയിൽ

ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തുന്നത് നികുതിയിനത്തിൽ കുറവ് വരുന്നതിനും, കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമല്ലെങ്കിൽ ഭാവിയിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനും തടസ്സമാകും. 2018-19 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച മുഴുവൻ അപേക്ഷകളും പരിശോധിച്ച് ഇപ്രകാരം കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റി ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ കേരള പഞ്ചായത്ത് നിയമം വകുപ്പ് 205(B) പ്രകാരം പ്രതിവർഷം ഉപയോഗക്രമം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഉടമകൾക്ക് നോട്ടീസ് നല്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതും മേൽ കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

# 1-15 ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈൗടാക്കാത്തത് സംബന്ധിച്ച-അപാകങ്ങൾ.

നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിക്കുമ്പോൾ അനുവദിച്ച കെട്ടിട നിർമ്മാണ പെർമ്മിറ്റിൽ നിന്ന് വ്യതിചലിച്ച് നടത്തിയ നിർമ്മാണത്തിന് ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | വില്ലേജ് | അനുവദിച്ച കെട്ടിട നമ്പർ | ബിൽഡിംഗ് പെർമ്മിറ്റ് നമ്പർ/ തീയ്യതി | അനുവദിച്ച ആകെ വിസ്തീർണ്ണം ച.മീ | പൂർത്തീകരിച്ച ആകെ വിസ്തീർണ്ണം ച.മീ | അനുവദിച്ച വിസ്തീർണ്ണത്തിൽ നിന്ന് അധികരിച്ച് നടത്തിയ നിർമ്മാണം. ച.മീ |
|---|---|---|---|---|---|---|---|
| 1 | പള്ളിക്കര കുറ്റ്യാടൻ സീന | കാഞ്ഞിരോട് | 4/432എ | No.A1-4667/15 Dt.27.10.2015. | 231.88 | 241.18 | 9.3 |
| 2 | പള്ളിക്കച്ചാലിൽ ആബിദ | കാഞ്ഞിരോട് | 7/456 ബി | No.174/14-15 Dt.17.9.2014 | 289.02 | 293.55 | 4.53 |
| 3 | സജിത്ത്.സി.കെ | മുണ്ടേരി | 16/61 എ | No.79/15-16 Dt.9.7.2015 | 182 | 223.05 | 41.05. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24 /18-19. തീയ്യതി -

19.3.2020 )ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1,2,3- എന്നിവയ്ക്ക് യഥാക്രമം രസീത്.നം. 119010109829/ തീയ്യതി.20.3.2020/₹56, 119010109830/തീയ്യതി.20.3.2020/₹28, 119010109830/തീയ്യതി.20.3.2020/₹247 എന്നിങ്ങനെ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം കെട്ടിട നമ്പർ അനുവദിച്ച മുഴുവൻ ഫയലുകളും പരിശോധിച്ച് കെട്ടിട നിർമ്മാണ പെർമ്മിറ്റിൽ നിന്ന് വ്യതിചലിച്ച് നടത്തിയ നിർമ്മാണത്തിന് ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വാടക ബൈലോ തയ്യാറാക്കിയിട്ടില്ല.

മുണ്ടേരി ഗ്രാമ പഞ്ചായത്തിന്റെ വാടക സംബന്ധിച്ച രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ രണ്ട് മുറികളും,പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ഒരു മുറിയും,പഞ്ചായത്ത് മീറ്റിംഗ് ഹാളും വാടകയ്ക്ക് നൽകിവരുന്നുണ്ടെങ്കിലും.വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളും മറ്റ് നിയമാവലികളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിച്ചിട്ടില്ല. അപാകം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 കുമ്മായവിതരണം - സർക്കാർ ഉത്തരവ് പാലിക്കാതെ അധിക സബ്സിഡി ൽകിയ 94744/- അഗീകരിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ പേര് | സമഗ്ര നെൽകൃഷി വികസനം |
| പ്രോജക്ട് നം | 26/19 |
| അടങ്കൽ | 3285000/-<br>1869500 - വികസനഫണ്ട് ജനറൽ<br>100000/- തനത് ഫണ്ട്<br>1130500/- ബ്ലോക്ക് വിഹിതം<br>185000/- മറ്റുള്ളവ |
| ബിൽ നം | 5/14.12.2018 |
| ആകെ ചെലവ് തുക | 2569755/- |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി പാടശേഖരസമിതികൾക്ക് നെൽവിത്തും രാസവളവും കുമ്മായവും വിതരണം നടത്തിയിട്ടുണ്ട്. കുമ്മായ വിതരണത്തിനായി 379000/-രൂപ ബിൽ നം.5/14.12.2018 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്)22/18 തീ.14.02.2018 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1 പ്രകാരം ജനറൽ വിഭാഗത്തിൽ വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും കുമ്മായത്തിന് അനുവദനീയമായ പരമാവധി സബ്സിഡി നിരക്ക് 75% ആണ്. എന്നാൽ വിലയുടെ 100% തുകയാണ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളത്. കമാൽ പീടികയിലെ മുണ്ടേരി ആഗ്രോ സർവ്വീസ് സെന്ററിൽ നിന്നും 23.11.2018തീയ്യതിയിൽ കാഷ് ബിൽ/ഇൻവോയിസ് നം.108 പ്രകാരം കിലോഗ്രാമിന് 14 രൂപ നിരക്കിൽ 9 പാടശേഖരസമിതിക്കായി വാങ്ങിയ ആകെ 27072 കി.ഗ്രാം കുമ്മായത്തിന് ബില്ലിലെ തുക 3,79,008/- രൂപയിൽ 3,79,000/-രൂപയും നൽകുകയായിരുന്നു. 379008/-രൂപയുടെ 75% ആയ 284256/-രൂപയാണ് സർക്കാർ നിശ്ചയിച്ച മാനദണ്ഡ പ്രകാരം ഈ ബില്ലിൽ സബ്സിഡിയായി അനുവദിക്കാവുന്നത്. കൂടുതൽ

അളവിൽ കുമ്മായം വാങ്ങിച്ചതായ മറ്റു ബില്ലുകളൊന്നും ഹാജരാക്കിയിട്ടില്ല. 94744/-രൂപ അധിക സബ്സിഡിയായി നൽകി.

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 12-03-2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17) 20.03.2020 തീയ്യതിയിൽ സമർപ്പിച്ച മറുപടി യിൽ പഞ്ചായത്തിൽ 2018-19 വർഷം 133 ഹെക്ടർ കൃഷിചെയ്തിട്ടുണ്ടെന്നും ഇതിൽ 27076 കിലോഗ്രാം വെറും 45.12 ഹെക്ടർ സ്ഥലത്ത് മാത്രമേ മതിയാകുകയുള്ളൂവെന്നും ബാക്കി കർഷകർ സ്വന്തമായി വാങ്ങി ഉപയോഗിക്കുകയാണ് ചെയ്തതെന്നും അറിയിക്കുകയാണുണ്ടായത്.

സർക്കാർ സബ്സിഡി അനുവദിക്കുന്നത് ഗുണഭോക്താക്കൾ മുതൽമുടക്കുന്നതിന് പ്രോൽസാഹനം നൽകുന്നതിന് വേണ്ടിയാണ്.എന്നാൽ ഇവിടെ ഹാജരാക്കിയ രേഖകൾ പ്രകാരം ഗുണഭോക്താക്കളുടെ ആകെ മുതൽ മുടക്ക് 379008/-രൂപ മാത്രമാണ്. ബാക്കി അളവിൽ കർഷകർ സ്വന്തമായി വാങ്ങിയതായ ബില്ലുകളൊന്നും ഓഡിറ്റ് അവസാനിക്കുന്ന തീയ്യതിവരെ ഹാജരാക്കിയിട്ടില്ല. കർഷകർ വാങ്ങുന്ന കുമ്മായത്തിന്റെ ബില്ലുകളിലെ തുകകളുടെ 75% തുകയിൽ പരിമിതപ്പെടുത്തി നൽകുന്നതിന് പകരം ആകെ വാങ്ങിച്ച കുമ്മായത്തിന്റെ വിലയുടെ 100% വും അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല.

ജി.ഒ.(എം.എസ്)22/18 തീ.14.02.2018 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കാവുന്നതാണ്. ആയതിനാൽ രേഖകളോ ബില്ലുകളോ ഇല്ലാതെ വാങ്ങിച്ചതായി പറയുന്ന സാധനങ്ങൾക്ക് സബ്സിഡി അനുവദനീയമല്ല. അധിക സബ്സിഡിയായി നൽകിയ 94744/-രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 1-18 സ്റ്റോക്ക് വിവരങ്ങൾ ആധികാരികമല്ല - ചെലവഴിച്ച 264000/- രൂപ തടസ്സപ്പെടുത്തുന്നു

സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്ട് (26/19)പ്രകാരം റൈസ് പ്രൊഡ്യൂസർ കമ്പനി, മയ്യിൽ നിന്നും 24.10.2018 തീയ്യതിയിൽ 3400 കിലോഗ്രാം പവിഴം നെൽ വിത്തും 3200 കിലോഗ്രാം ശ്രേയസ്സ് നെൽ വിത്തും വാങ്ങിച്ചതിന് 264000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം.5/14.12.2018) വാങ്ങിയ ഓരോ ഇനവും വിതരണം ചെയ്തത് വ്യക്തമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തുവരുന്നില്ല. മൊത്തത്തിൽ 9 പാടശേഖരസമിതികൾക്ക് വിതരണം ചെയ്തത് ഭാഗികമായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയത് ഓഡിറ്റ് നിർദ്ദേശപ്രകാരം മാറ്റി എഴുതുകയാണുണ്ടായത്. ഓഡിറ്റ് പരിശോധനാവേളയിൽ 558.5 കിലോ ആർക്കും വിതരണം ചെയ്തതായി കാണിച്ചിരുന്നില്ല. എന്നാൽ പിന്നീട് വെട്ടലും തിരുത്തലും നടത്തി കണക്കുകൾ മാറ്റി എഴുതി. തിരുത്തൽ വരുത്തിയശേഷവും വ്യക്തതയോടെയും കൃത്യതയോടെയും സ്റ്റോക്ക് രജിസ്റ്റർ എഴുതി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. നെൽവിത്തുകൾ പാടശേഖകര സമിതികൾക്ക് ലഭിച്ചതായ ഇനം തിരിച്ചുള്ള വിവരങ്ങൾ ഇപ്പോഴും അവ്യക്തമാണ്. സ്റ്റോക്കിൽ മാറ്റം വരുത്തിയ വിവരങ്ങൾ ഉത്തരവാദപ്പെട്ടവർ രേഖകൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കിയിട്ടില്ല. കൃഷി ഓഫീസർ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല. സ്റ്റോക്ക് വിവരങ്ങൾ ആധികാരികമല്ലാത്തതിനാൽ ചെലവഴിച്ച 264000/- രൂപ തടസ്സപ്പെടുത്തുന്നു. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോനക്ക് ഹാജരാക്കിയിട്ടുമില്ല.

## 1-19 വയോജനങ്ങൾക്ക് കട്ടിൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ |
| പ്രോജക്ട് നം | 36/19 |
| അടങ്കൽ | 3,09,374/- വികസനഫണ്ട് എസ്.സി.പി |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| ആകെ ചെലവ് | 3,05,750/-<br><br>3624/-08.02.2019 |
| ബിൽനം | 7/ 13.03.2019 -<br>Rs.3624/-08.02.2019 |
| എൻക്വയറി | നം.7/10.03.2020 |

60 വയസ്സ് പൂർത്തിയായ എസ്.സി വിഭാഗത്തിൽപ്പെടുന്ന വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിന് വേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്.ടെണ്ടർ ക്ഷണിച്ചത് പ്രകാരം അർജ്ജുൻ അസോസിയേറ്റ്സ്, അരിമ്പ്ര, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് 4238/-നിരക്കിൽ 73 കട്ടിൽ വാങ്ങി നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

1. തദ്ദേശ ഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/10തസ്വഭവ തീ.08.11.2010പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് 1,00,000/-രൂപക്ക് മേൽ അടങ്കൽ തുകയുള്ള വാങ്ങലുകൾ നടത്തുമ്പോൾ ഓപ്പൺ ടെണ്ടർ ക്ഷണിക്കണം. ടെണ്ടർ സമർപ്പണത്തിന് 21 ദിവസത്തെ സമയം അനുവദിക്കണം. അതുപോലെ വ്യാപക പ്രചാരത്തിലുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാള ദിനപത്രത്തിലും പരസ്യം ചെയ്യുകയും വേണം. എന്നാൽ ഈ രീതിയിൽ നടപടിക്രമം പാലിച്ചില്ല. സാമ്പത്തിക വർഷാവസാനമായതിനാൽ സമയക്രമവും നടപടിക്രമവും പാലിക്കാൻ സാധിച്ചില്ല എന്നാണ് അപാകം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയത്.

2.ആകെ നാല് ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്. വ്യത്യസ്ഥ കമ്പനികൾ ഓരോ ഇനം മരത്തിനും കൂടിയതും കുറഞ്ഞതുമായ നിരക്ക് രേഖപ്പെടുത്തിയതിനാൽ അർജ്ജുൻ അസോസിയേറ്റ്സ്, അരിമ്പ്ര, കണ്ണൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുവാനുള്ള വ്യക്തമായ കാരണം പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കൃത്യമായ കാരണം രേഖപ്പെടുത്താതെ ടെണ്ടർ അംഗീകരിക്കുന്നത് ശരിയല്ല.

3.സപ്ലൈ ഓർഡർ നൽകിയപ്പോൾ ഏത് മരത്തിന്റെ കട്ടിലാണ് സപ്ലൈ ചെയ്യാൻ ആവശ്യപ്പെട്ടത് എന്ന വ്യക്തമാക്കിയിട്ടില്ല. വാങ്ങിച്ച സാധനത്തിന്റെ ബില്ലിൽ കട്ടിൽ ഏത് മരംകൊണ്ട് നിർമ്മിക്കപ്പെട്ടതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇതിനുള്ള കാരണം മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ മാത്രമാണ് കട്ടിലിന് ഉപയോഗിച്ച മരം മരുതാണെന്ന് പറഞ്ഞിട്ടുള്ളത്.

4.ലഭിച്ച സാധനങ്ങൾ വിതരണം ചെയ്തത് സ്റ്റോക്കിലെടുക്കാതെയാണ്. ഇത് സംബന്ധിച്ച മറുപടിയിൽ ഒന്നും പറഞ്ഞിട്ടില്ല.

സർക്കാർ ഉത്തരവ് പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് മാത്രമേ ഭാവിയിൽ വാങ്ങലുകൾ നടത്തുവാൻ പാടുള്ളൂ. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-20 പരമ്പരാഗത കൈത്തൊഴിലിന് പ്രോൽസാഹനം - നിർവ്വഹണത്തിൽ അപാകം ചെലഴിച്ച 1,80,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പരമ്പരാഗത കൈത്തൊഴിലിന് പ്രോൽസാഹനം |
| പ്രോജക്ട് നം | 38/19 |
| | |

| | |
|---|---|
| അടങ്കൽ | 1,80,000/- വികസനഫണ്ട് എസ്.സി.പി |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| ആകെ ചെലവ് | 1,80,000/- |
| ബിൽനം | 6/ 07.01.2019 - |
| എൻക്വയറി | നം.8/10.03.2020 |

എസ്.സി വിഭാഗത്തിൽപ്പെടുന്നവർക്ക് പരമ്പരാഗത കൈത്തൊഴിലിന് പ്രോൽസാഹനം നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ആകെ മൂന്ന് പേർക്ക് 60,000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. 2018-19 വർഷം നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിന്റെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

ജി.ഒ.(എം.എസ്)22/18 തീ.14.02.2018 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.4(5) പ്രകാരം പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോൽസാഹനത്തിന് സബ്സിഡി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പട്ടിക ജാതി വിഭാഗത്തിന് 75% വരെ പരമാവധി 60,000/- നൽകാവുന്നതാണ്. അതുപോലെ അസംസ്കൃത വസ്തുക്കൾ വാങ്ങി സ്വയം തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന പരമ്പരാഗത കൈത്തൊഴിലുകൾ ചെയ്യുന്നവരായിരിക്കണമെന്നും ഇതിനായി മൂന്ന് പേരുള്ള വനിതാ ഗ്രൂപ്പ് രൂപീകരിക്കണമെന്നും അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് ഈ ഗ്രൂപ്പിനാണ് സബ്സിഡി നൽകേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ പ്രോജക്ട് പ്രകാരം സബ്സിഡി നൽകിയത് ഗ്രൂപ്പിനല്ല. പട്ടിക ജാതിയിൽപ്പെട്ട മൂന്ന് വ്യക്തിഗത ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. മാത്രവുമല്ല അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള ചെലവിന്റെ 75% മാണ് നൽകാവുന്നത്. എന്നാൽ അസംസ്കൃത വസ്തുക്കൾ വാങ്ങിച്ചതിന് ചെലവായ തുകയുടെ വിശദാംശങ്ങൾ ഒന്നും ലഭ്യമല്ല. പാരമാവധി സബ്സിഡിയായ 60,000/- നൽകുകയാണുണ്ടായത്. അതുപോലെ ആനുകൂല്യം ലഭിച്ചവർ പരമ്പരാഗത കൈത്തൊഴിൽ ചെയ്യുന്നവരാണെന്നും എന്ത് കൈത്തൊഴിലാണ് ചെയ്യുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

കൂടാതെ ഗുണഭോക്തൃപട്ടികയിൽ ക്രമ നം .3,4 എന്നവർക്ക് ആനുകൂല്യം നൽകാതെ ക്രമനം 5 – കൊയ്യോൻ ശാരദക്ക് ആനുകൂല്യം നൽകാനുള്ള കാരണം രേഖപ്പെടുത്താതെ ആനുകൂല്യം നൽകിയത് ശരിയല്ല.

എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ സർക്കാർ നിർദ്ദേശിച്ച പ്രകാരം വനിതാ ഗ്രൂപ്പ് രൂപീകരിക്കാത്തതിന് മറുപടി നൽകിയിട്ടില്ല.പര മാവധി സബ്സിഡിയായ 60,000/- രൂപ നൽകാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. ആകെ ചെലവിന്റെ 75% മാണ് നൽകേണ്ടത്. ഇവിടെ ആകെ ചെലവ് തുകയെത്രയെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് മറുപടിയിൽ ഒന്നും പറഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ചെലഴിച്ച 1,80,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-21 എസ്.സി.കോളനിയിൽ സ്ട്രീറ്റ് ലൈൻ വലിക്കലും എൽ.ഇ.ഡി. സ്ഥാപിക്കലും - കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എസ്.സി.കോളനിയിൽ സ്ട്രീറ്റ് ലൈൻ വലിക്കലും എൽ.ഇ.ഡി. സ്ഥാപിക്കലും |
| പ്രോജക്ട് നം | 72/19 |
| അടങ്കൽ | 122873/- വികസനഫണ്ട് |

| | |
|---|---|
| | എസ്.സി.പി |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| ആകെ ചെലവ് | 122873/- |
| ബിൽനം | 2/ 29.11.2018 - |
| എൻക്വയറി | നം.9 തീയ്യതി :10-03-2020 |

മുണ്ടേരി ഗ്രാമ പഞ്ചായത്തിലെ മുണ്ടേരി എസ്.സി കോളനിയിൽ സ്ട്രീറ്റ് ലൈൻ വലിക്കലും എൽ.ഇ.ഡി. സ്ഥാപിക്കലും എന്ന പ്രവൃത്തിക്കായി 122873/- രൂപ കെ.എസ്.ഇ.ബി.ഏച്ചൂർ ഇലക്ട്രിക്കൽ സെക്ഷന് എസ്റ്റിമേറ്റ് പ്രകാരം നൽകിയിട്ടുണ്ട്. 23.02.2019ലെ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 27.11.2019തീയ്യതിക്കുള്ളിലാണ്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഇതുവരെയായി ഹാജരാക്കിയിട്ടില്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കരാർ വ്യവസ്ഥ പ്രകാരം തുടർ നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

# 1-22 ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത്-രശീതി പുസ്തകം കൈകാര്യം ചെയ്യുന്നതിൽ വീഴ്ച

നിർവ്വഹണോദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

2018-19വർഷം സ്വയം പര്യാപ്തമുട്ട ഗ്രാമം (മുട്ടക്കോഴി വിതരണം -വനിത) എന്ന പ്രോജക്ട് (61/19)നടപ്പിലാക്കിയിട്ടുണ്ട്. 350 പേർക്ക് 10 കോഴിക്കുഞ്ഞുങ്ങളെ വീതം നൽകുന്നു. 100 രൂപയാണ് ഒരുകോഴിയുടെ വില. ഇതിൽ 50 രൂപ സബ്സിഡിയായും 50 രൂപ ഗുണഭോക്തൃ വിഹിതമായും ഒടുക്കുന്നു. 10 കോഴിക്കുഞ്ഞുങ്ങളുടെ തുകയായി 500/- രൂപ വീതം ഗുണഭോക്തൃ വിഹിതം രശീതി ബുക്ക് നം.16239,16240,16241,16242 എന്നിവ പ്രകാരം പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ രശീതി ഉപയോഗിക്കുന്നതിൽ താഴെ പറയുന്ന അപാകങ്ങൾ സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

1.രശീതി ബുക്ക് നം.16239 (1 മുതൽ 100 വരെ), 16240 (1 മുതൽ 100 വരെ ) 16241 (1 മുതൽ 26 വരെ) ആകെ 226 എണ്ണം ലീഫുകൾ ഉപയോഗിച്ചപ്പോൾ ഒന്നിലും തുക പിരിച്ചെടുത്ത തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. 29.12.2018 തീയ്യതിയിൽ 1,13,000/-(500x226) പഞ്ചായത്തിൽ രശീതി നമ്പർ 118010105581പ്രകാരം ഒടുക്കുകയാണുണ്ടായത്.

2.മറ്റു രശീതികൾ പ്രകാരം തുക പിരിച്ചെടുത്തതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | രശീതി ബുക്ക് നം | ലീഫുകൾ | പിരിച്ച തുക | ഒടുക്കിയ രശീതി നം .തീയ്യതി |
|---|---|---|---|---|
| 1 | 16241 | 27 മുതൽ 100 വരെ | 37000 | 118010105661/05.01.2019 |
| 2 | 16242 | 1 മുതൽ 6 വരെ | 3000 | 118010105661/05.01.2019 |
| 3 | 16242 | 7 മുതൽ 38 വരെ | 16000 | 118010105724/11.01.2019 |
| 4 | 16242 | 39 മുതൽ 50 വരെ | 6000 | 118010105744/14.01.2019 |

മേൽ കാണിച്ചിട്ടുള്ള രശീതികൾ പരിശോധിച്ചതിൽ ക്രമ നം 2,3,4 എന്നിവയിൽ കൗണ്ടർ ഫോയിലിൽ ഡബിൾ സൈഡ് കാർബൺ ഒന്നിലും പതിഞ്ഞിട്ടില്ല. അതേ സമയം മറ്റുവിവരങ്ങൾ പതിഞ്ഞിട്ടുണ്ട്. തീയ്യതി ചേർത്തപ്പോൾ കാർബൺ ഉപയോഗിക്കാതെ രശീതി ഉപയോഗിച്ചതായാണ് കാണുന്നത്. ക്രമ നമ്പർ 1 ൽ തീയ്യതി ചേർത്തിട്ടുമില്ല.

3.രശീതി ബുക്ക് നം 16239,16240,16241 എന്നിവയിൽ ഒന്നിലും രശീത് ഉപയോഗിച്ചയാളുടെ ഒപ്പ് ഇല്ല. രശീതി ബുക്ക് നം.16241 ലെ ലീഫ് നം.95,96,97,98 എന്നിവയിൽ പിരിച്ചെടുത്ത തുകയെത്രയെന്ന് ചേർത്തിട്ടില്ല. രശീതി നമ്പർ 16242 ൽ ഉപയോഗിക്കാതെ ബാക്കിയായ രശീതികൾ ക്യാൻസൽ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടിയിൽ സംഭവിച്ച തെറ്റ് ബോദ്ധ്യപ്പെട്ടെന്നും മേലിൽ ഇത്തരം പിശകുകൾ ആവർത്തിക്കില്ലെന്നും ഭാവിയിൽ രശീതി ബുക്കുകൾ ഗൗരവത്തോടെ മാത്രമേ കൈകാര്യം ചെയ്യുകയുള്ളൂവെന്നും അറിയിക്കുകയുണ്ടായി. സാമ്പത്തിക ഇടപാടുകളിലെ സുതാര്യത നിലനിർത്തുന്നതിന് രശീതി ബുക്കുകൾ ഉപയോഗിക്കുന്നതിൽ വന്ന വീഴ്ച ഭാവിയിൽ ആവർത്തിക്കില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-23 ഫ്രണ്ട് ഓഫീസ് ജനസൗഹൃദമാക്കുന്നതിന് വേണ്ടി വാങ്ങിയ ഫർണിച്ചറുകൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായില്ല.

പ്രോജക്ട് നമ്പർ- 33/19 പഞ്ചായത്ത് ഓഫീസിന് സൗകര്യം മെച്ചപ്പെടുത്തൽ

നിർവഹണം-സെക്രട്ടറി

വൗച്ചർ നമ്പർ- 21800452/29-9-18

ചെക്ക് നമ്പർ- 7302/29-9-18 ₹22600

ഗ്രാമ പഞ്ചായത്ത് ഓഫീസ് ജനസൗഹൃദമാക്കുന്നതിന് വേണ്ടി ഫ്രണ്ട് ഓഫീസിലേക്ക് എയർപോർട്ട് ചെയർ വാങ്ങുന്നതിന് വേണ്ടിയാണ് തുക ചെലവഴിച്ചിരിക്കുന്നത്.ആയതിനായി Lakshmi Furniture & Home Appliances എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 123/30-7-18 പ്രകാരം ₹22600 ന് 4 എണ്ണം എയർപോർട്ട് ചെയർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസിൽ 2എണ്ണം മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ബാക്കി 2 എണ്ണം സ്ഥാപനം ലഭ്യമാക്കിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ എവിടെ ഉപയോഗിക്കുന്നു എന്നും വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ-5/18-19 തീയ്യതി 9.3.2020 ന് നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിന് ഐ എസ് ഒ സർട്ടിഫിക്കേഷൻ നേടുന്നതിന്റെ ഭാഗമായി കുറഞ്ഞ സൗകര്യങ്ങളോടെ പ്രവർത്തിച്ചിരുന്ന ഫ്രണ്ട് ഓഫീസ് പൊളിച്ചുമാറ്റി പുതിയകകൗണ്ടർ നിർമിച്ചപ്പോൾ മറ്റ് പ്രവൃത്തികൾക്ക് സ്ഥലസൗകര്യം ആവശ്യമായി വന്നപ്പോൾ ഒന്ന് ആയുർവേദ ആശുപത്രിയിലേക്കും, മറ്റൊന്ന് അസിസ്റ്റന്റ് എഞ്ചിനീയരുടെ ഓഫീസിലേക്കും മാറ്റിവെക്കുകയാണുണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്. ഇങ്ങനെ മാറ്റി സ്ഥാപിക്കുക വഴി പൊതുജനങ്ങളുടെ സൗകര്യം വർധിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകളുടെ നിർവഹണത്തിനുശേഷം സൗകര്യങ്ങൾ യഥാർത്ഥത്തിൽ കുറയുകയാണ് ഉണ്ടായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

# 1-24 കേന്ദ്രീകൃത വാങ്ങൽ സമ്പ്രദായത്തിന്റെ അഭാവത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു.

1.പ്രോജക്ട് നമ്പർ - 69/19 ഹോമിയോ ഡിസ്പൻസറിക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

നിർവഹണം - സെക്രട്ടറി

അടങ്കൽ - 159605 (സംരക്ഷണ ഗ്രാന്റ് റോഡിതരം)

ബിൽ നമ്പർ- 1819015201590121151 2 തീയ്യതി- 15/2/19 ₹74918

ബിൽ നമ്പർ - 181901520159007525 16 തീയ്യതി- 31/10/18₹85407

2.പ്രോജക്റ്റ് നമ്പർ- 33/19 പഞ്ചായത്ത് ഓഫീസിന് സൗകര്യം മെച്ചപ്പെടുത്തൽ

അടങ്കൽ - 85000 (തനത്)

നിർവഹണം - സെക്രട്ടറി

വൗച്ചർ നമ്പർ- 21800452/29-9-18

ചെക്ക് നമ്പർ- 7302/29-9-18 ₹22600

3.പ്രോജക്റ്റ് നമ്പർ- 65/19 മുണ്ടേരി പിഎച്ച് സി ക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ

നിർവഹണം - മെഡിക്കൽ ഓഫീസർ പി എച്ച് സി

അടങ്കൽ -437540 (സംരക്ഷണ ഗ്രാന്റ് റോഡിതരം)

ബിൽ നമ്പർ- 15/18-19 dt 1.3.19 ₹49600

മേൽ പ്രതിപാദിച്ച പ്രോജക്ടുകൾ പ്രകാരം വിവിധ ആവശ്യങ്ങൾക്ക് വേണ്ടി 2018-19 ൽ ഒരേ സാധനങ്ങൾ വ്യത്യസ്ത നിരക്കിൽ വാങ്ങിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ഇനം | പ്രോജക്റ്റ് നം.69/19 പ്രകാരം തുക | പ്രോജക്റ്റ് നം.33/19 പ്രകാരം തുക | പ്രോജക്റ്റ് നം.65/19 പ്രകാരം തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | Airport Chair | 7747 | 5650 | -- | 2097 |
| 2 | Computer Table | 4371 | -- | 3300 | 1077 |
| 3 | Executive Chair High Back | 9468 | -- | 5699 | 3769 |

ഒരു വർഷത്തെ വ്യത്യസ്ത പ്രോജക്ടുകൾ പ്രകാരം ഫർണിച്ചറുകൾ വാങ്ങുമ്പോൾ തന്നെ വലിയ തുക വ്യത്യാസം വരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നതായി മേൽ പട്ടികയിൽ നിന്നും വ്യക്തമാവുന്നു. നിർവഹണ ഉദ്യോഗസ്ഥർ വ്യത്യസ്ഥ ക്വട്ടേഷനുകൾ ക്ഷണിച്ച് വിവിധ ഏജൻസികളിൽ നിന്നാണ് സാധനങ്ങൾ വാങ്ങുന്നത്. കേന്ദ്രീകൃത വാങ്ങൽ സമ്പ്രദായം അനുവർത്തിക്കാത്തതിനാലാണ് ഇത്തരം നഷ്ടം സംഭവിക്കുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭരണസമിതിയുടെ പ്രത്യേകശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി.)നം.259/2010/തസ്വഭവ തീ. 08.11.2010 കാണുക.

## 1-25 എസ്റ്റിമേറ്റ് പുതുക്കി ഭരണസമിതി അംഗീകാരം വാങ്ങാതെ ചെലവു തുക നൽകി -₹614910 തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് - 34/19 ഓഫീസ് റീവയറിംഗ്, മീറ്റിംഗ് ഹാൾ വയറിംഗ്

അടങ്കൽ – 6,80,000 (തനത് ഫണ്ട്)

നിർവഹണ ഉദ്യോഗസ്ഥർ - സെക്രട്ടറി

വൗച്ചർ നമ്പർ- 21801047/30.3.19

ചെക്ക് നമ്പർ- 614910/30.3.19₹614910

കോൺട്രാക്ടർ- ശ്രീ. വിനോദ് കുമാർ എം

എം ബുക്ക് നമ്പർ- 39/2018-19

എഗ്രിമെന്റ് നമ്പർ-6/2018-19 തീയ്യതി 04-02-2019.

ആകെ പ്രവൃത്തിമൂല്യം - 640532

കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് (ഇലക്ട്രിക്കൽ) തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് മേൽ പ്രവൃത്തി ചെയ്തിരിക്കുന്നത്. എന്നാൽ ചില ഇനങ്ങളിൽ എസ്റ്റിമേറ്റിൽ തയ്യാറാക്കിയതിനെക്കാളും അധികം എണ്ണത്തിലും അളവിലും പ്രവൃത്തികൾ ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് കോൺട്രാക്ടർക്ക് ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയിരിക്കുന്നത്. എന്നാൽ എസ്റ്റിമേറ്റ് പുതുക്കി കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് (ഇലക്ട്രിക്കൽ) അംഗീകരിക്കുകയോ, വ്യതിയാന കാരണം വ്യക്തമാക്കുന്ന താരതമ്യപത്രിക തയ്യാറാക്കുകയോ ആയതിന് ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. കൂടാതെ ഇലക്ട്രിക്കൽ വിഭാഗം തയ്യാറാക്കിയ പ്ലാനിൽ നിന്നുള്ള വ്യതിചലനത്തിനുള്ള സാങ്കേതിക കാരണങ്ങൾ വ്യക്തമാക്കിയിട്ടില്ല. ഇതിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/18-19തീയ്യതി :17-03-2020 ന് മറുപടിയിൽ പി ഡബ്ല്യു ഡി വിഭാഗത്തോട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട് എന്നാണ് അറിയിച്ചത്. പ്രവൃത്തി നടക്കുന്ന സമയത്തും, ചെലവ് തുക അനുവദിക്കുന്നതിനു മുമ്പായും ചെയ്യേണ്ട നടപടിക്രമങ്ങൾ ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാട്ടിയതിനു ശേഷം ചെയ്യുന്നത് ശരിയായ രീതിയല്ല. മേൽ അപാകങ്ങൾകാരണം ചെലവ് തുക ₹614910 തടസ്സപ്പെടുത്തുന്നു.

## 1-26 ചെലവു രേഖകൾ, സ്റ്റോക്ക് റജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല ₹139585 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ- 64/2019 അങ്കണവാടി സമഗ്ര പരിപാടി

നിർവഹണ ഉദ്യോഗസ്ഥൻ - ഐസിഡിഎസ് സൂപ്പർവൈസർ

അടങ്കൽ- 3,30,000(6485- വികസനഫണ്ട്,83120- തനത് ഫണ്ട്,240395-സംരക്ഷണഗ്രന്റ് )

1.ബിൽ നമ്പർ- 1819015202900144635З/21.3.19₹99990

2.ചെക്ക് നമ്പർ-5075454/26.3.19₹39270

3.ചെക്ക് നമ്പർ- 5075755/26.3.19₹39595

ആകെ - ചെലവ്-₹178855/-( സുലേഖ പത്രിക പ്രകാരം)

മേൽ പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

i)ചെക്ക് നമ്പർ- 5075755/26.3.19 പ്രകാരം പിൻവലിച്ച ₹39595-യുടെ ചെലവുരേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ii) ക്രമനമ്പർ (1) പ്രകാരം പിൻവലിച്ച തുകയിൽ നിന്നും നിക്ഷാൻ ഇലക്ട്രോണിക്സ് കണ്ണൂരിന്റെ ഇൻവോയ്സ് നമ്പർ C/340069/18-19 dt 7.3.19 പ്രകാരം 33എണ്ണം PREETHI MIXI വാങ്ങിയിട്ടുണ്ട്. എന്നാൽ അവയുടെ വിവരങ്ങൾ ഐസിഡിഎസ് സൂപ്പർ വൈസറുടെ സ്റ്റോക്ക് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഐസിഡിഎസ് സൂപ്പർ വൈസർ മുൻവർഷങ്ങളിലും വാങ്ങിയ മുഴുവൻ ഫർണിച്ചറുകളുടെയും ഉപകരണങ്ങളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റോക്ക് രജിസ്റ്ററിനു പകരം അങ്കണവാടി വർക്കർമാരുടെ വേതന വിതരണ രജിസ്റ്ററിലെ ഒരു പേജിൽ താൽകാലികമായി എഴുതിയുണ്ടാക്കിയാണ് ഓഡിറ്റ് സമയത്ത് ഹാജരാക്കിയത്. ആയത് സ്റ്റോക്ക് രജിസ്റ്ററായി കണക്കാക്കാനാവില്ല.

ഓഡിറ്റ് എൻക്വയറി നം.25/18-19 തീയ്യതി :19-03-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

മേൽകാരണങ്ങളാൽ ₹139585 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-27 പച്ചക്കറികൾ, ഇന്ധനം എന്നിവക്കുവേണ്ടി ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല ₹1458 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ -17/19 അങ്കണവാടി പോഷകാഹാരം

നിർവഹണ ഉദ്യോഗസ്ഥൻ - ഐസിഡിഎസ് സൂപ്പർവൈസർ

അടങ്കൽ- 3400000 (2400000- വികസനഫണ്ട്, 1000000-കേന്ദ്രാവിഷ്കൃതഫണ്ട് )
ആകെ ചെലവ് – ₹3383964

ചെക്ക് നമ്പർ- 3089197/25.10.18₹96175

ചെക്ക് നമ്പർ-947072/19.3.19 ₹243591

ആകെ – ₹339766

മേൽ പ്രതിപാദിച്ച വിശദാംശങ്ങൾ പ്രകാരം പിൻവലിച്ച തുക മുഴുവനായും ചെലവഴിച്ചിട്ടില്ല. അങ്കണവാടി പോഷകാഹാരം പദ്ധതിക്കു വേണ്ടി പച്ചക്കറികൾ, ഇന്ധനം എന്നിവ വാങ്ങുന്നതിന് വേണ്ടിയാണ് ചെലവഴിച്ചത്. ഇവയുടെ പ്രതിമാസ ചെലവു തുകകൾ ചുവടെ കൊടുക്കുന്നു.

| മാസം | തുക |
|---|---|
| ഏപ്രിൽ 2018 | 15369 |
| മെയ് 2018 | 21800 |
| ജൂൺ 2018 | 16451 |
| ജൂലൈ 2018 | 15087 |
| ആഗസ്ത് 2018 | 9170 |
| സപ്തംബർ 2018 | 18298 |
| ഓക്ടോബർ 2018 | 36584 |
| നവമ്പർ 2018 | 34241 |
| ഡിസംബർ 2018 | 38135 |
| ജനുവരി 2018 | 46591 |
| ഫിബ്രുവരി 2018 | 51106 |

| | |
|---|---|
| മാർച്ച് 2018 | 35476 |
| ആകെ | 338308 |

ആകെ പിൻവലിച്ച ₹339766 ൽ ₹338308 മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. മുഴുവൻ തുകയും ചെലവഴിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണെന്നും ബാക്കിയുള്ള ₹1458 തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണെന്നും കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/18-19 തീയ്യതി: 19-03-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹1458 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-28 ടാക്സ് ഇൻവോയ്സ് ബിൽ ഇല്ലാതെ തുക അനുവദിക്കുന്നു. ₹837793ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ -17/19 അങ്കണവാടി പോഷകാഹാരം

നിർവഹണ ഉദ്യോഗസ്ഥൻ - ഐസിഡിഎസ് സൂപ്പർവൈസർ

അടങ്കൽ- 3400000 (2400000- വികസനഫണ്ട്, 1000000-കേന്ദ്രാവിഷ്കൃതഫണ്ട്)

അങ്കണവാടി പോഷകാഹാരം വിതരണത്തിന്റെ ഭാഗമായി ഊർജശ്രീ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് ഗ്രാമപഞ്ചായത്തിൽ വിതരണം ചെയ്യുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന് TAX INVOICE BILL ഇല്ലാതെ തുക അനുവദിച്ചതിന്റെ രേഖകൾ ചുവടെ കൊടുക്കുന്നു.

| വികസനഫണ്ട് നൽകിയതിന്റെ വിശദാംശങ്ങൾ | ന്യൂട്രിമിക്സ് യൂണിറ്റിന്റെ ബിൽ വിശദാംശങ്ങൾ | |
|---|---|---|
| | ഇൻവോയ്സ് നമ്പർ/തീയ്യതി | തുക |
| ബിൽ നമ്പർ- 1/18-19 (ട്രഷറി ബിൽബുക്ക് പ്രകാരം) തീയ്യതി- 21.7.18 ₹420139 | 2/20.3.18 | ₹139457 |
| | 3/26.5.18 | ₹145673 |
| | 6/26.6.18 | ₹128520 |
| | 7/26.6.18 | ₹6490 |
| ബിൽ നമ്പർ 18190152029000450330/18.8.18 ₹287669 | 1/26.4.18 | ₹147970 |
| | 11/27.7.18 | ₹133209 |
| | 12/27.7.18 | ₹6490 |
| ബിൽ നമ്പർ 18190152029000664804/17.10.18 ₹268650 | 14/31.8.18 | ₹129984 |
| ആകെ | | ₹837793 |

ആയതിന് കാരണം വ്യക്തമാക്കേണ്ടതാണെന്നും ടാക്സ് ഇൻവോയ്സ് ഹാജരാക്കേണ്ടതാണെന്നും കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/18-19 തീയ്യതി :19-03-2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹837793ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 അരി,ന്യൂട്രിമിക്സ് എന്നിവ വിതരണം ചെയ്തതിന്റെ രേഖയില്ലാതെ വാഹന ചാർജ് അനുവദിച്ചു. ₹11147ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ -17/19 അങ്കണവാടി പോഷകാഹാരം

നിർവഹണ ഉദ്യോഗസ്ഥൻ - ഐസിഡിഎസ് സൂപ്പർവൈസർ

അടങ്കൽ- 3400000(2400000- വികസനഫണ്ട്, 1000000-കേന്ദ്രാവിഷ്കൃതഫണ്ട്)

ചെക്ക് നമ്പർ- 947073/19.03.19₹114420

അംഗണവാടി പോഷകാഹാരം വിതരണത്തിന്റെ ഭാഗമായി 33 അംഗണവാടികളിലേക്ക് ഭക്ഷണസാധനങ്ങൾ, അരി, ന്യൂട്രിമിക്സ് എന്നിവ എത്തിച്ചുകൊടുത്തതിന് വാഹന കൂലിയിനത്തിൽ ചെലവായ തുക ശ്രീ.ജിജേഷ് കെ വി എന്നവർക്ക് നൽകുന്നതിനാണ് തുക പിൻവലിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

| ആവശ്യം | തുക നൽകിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ | നൽകിയ തുക |
|---|---|---|
| മാവേലി സ്റ്റോറിൽ നിന്നും അരി വിതരണം | മെയ് മാസത്തിൽ അരി വാങ്ങിയതിന്റെ രേഖകളും,വിതരണം ചെയ്തതിന്റെ രേഖകളും ഇല്ല. | ₹3150 |
| 29.5.18ന് ന്യൂട്രിമിക്സ് വിതരണം | 29.5.18ന് ന്യൂട്രിമിക്സ് വാങ്ങിയതിനും വിതരണം ചെയ്തതിനും രേഖയില്ല | ₹4735 |
| 10.10.18ന് മാവേലി സ്റ്റോറിൽ നിന്നും അരി വിതരണം | 10.10.18ന് മാവേലി സ്റ്റോറിൽ നിന്നും അരി വാങ്ങിയതിന്റെ രേഖകളും,വിതരണം ചെയ്തതിന്റെ രേഖകളും ഇല്ല. | ₹1800 |
| 14.12.18ന് മാവേലി സ്റ്റോറിൽ നിന്നും അരി വിതരണം | 14.12.18ന് മാവേലി സ്റ്റോറിൽ നിന്നും അരി വാങ്ങിയതിന്റെ രേഖകളും,വിതരണം ചെയ്തതിന്റെ രേഖകളും ഇല്ല. | ₹1462 |
| | ആകെ | ₹11147 |

മേൽ പ്രതിപാദിച്ചവ കൂടാതെ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണവും ആവശ്യമായ രേഖകളും ഹാജരാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/18-19 തീയ്യതി:19-03-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹11147ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 ബഡ്സ് സ്കൂളിന് ഫർണിച്ചർ വാങ്ങിയതിലെ

# അപാകങ്ങൾ - ചെലവ് തുക ₹ 51204 തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ -89/19 ബഡ്സ് സ്കൂളിന് ഫർണിച്ചർ

നിർവഹണം - ഐസിഡിഎസ് സൂപ്പർവൈസർ

അടങ്കൽ- 100000- സംസ്ഥാനാവിഷ്കൃതഫണ്ട്

ചെക്ക് നമ്പർ- 5075753/26.03.18 ₹51204

ബഡ്സ് സ്കൂളിന് ഫർണിച്ചർ വാങ്ങുന്നതിന വേണ്ടി ഫിഡ്കോയിൽ നിന്നും ഇൻവോയ്സ് നമ്പർ 587/23.3.19 പ്രകാരം താഴെ പ്രതിപാദിക്കുന്ന ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം |
|---|---|
| Fiber Chair | 65 |
| Steel Almirah | 1 |
| Steel Table | 1 |

ഇതുമായി ബന്ധപ്പെട്ട് താഴെ പ്രതിപാദിക്കുന്നവയ്ക്ക് മറുപടിയും ആവശ്യമായ രേഖകളും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നം.25/18-19 തീയ്യതി :19-03-2020 നൽകിയിരുന്നു.

1.ഫർണിച്ചറുകളുടെ സ്റ്റോക്ക് റജിസ്റ്റർ ഹാജരാക്കുക

2.ബഡ്സ് സ്കൂളിന് കൈമാറിയതിന്റെ കൈപ്പറ്റ് രശീത്, ബഡ്സ് സ്കൂൾ സ്റ്റോക്ക് റജിസ്റ്റർ എന്നിവ ഹാജരാക്കുക

3.നിലവിൽ ബഡ്സ് സ്കൂളിൽ പഠനത്തിനായി എത്തുന്ന കുട്ടികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുക.

4)പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ആവശ്യമായ ഫർണിച്ചറുകൾ വാങ്ങുന്നതിനുമുമ്പായി പ്രോക്യൂർമെന്റ് കമ്മിറ്റിയും,നിർവഹണ ഉദ്യോഗസ്ഥനും ഫൈബർ കസേര, സ്റ്റീൽ ടേബിൾ, അലമാര എന്നിവയുടെ ആവശ്യകതനിർണയിച്ചിട്ടുണ്ടോ എന്നത് വ്യക്തമാക്കുക.

എന്നാൽ മേൽ പ്രതിപാദിച്ചവയ്ക്ക് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഐസിഡിഎസ് സൂപ്പർ വൈസർ മുൻവർഷങ്ങളിലും വാങ്ങിയ മുഴുവൻ ഫർണിച്ചറുകളുടെയും ഉപകരണങ്ങളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റോക്ക് റജിസ്റ്ററിനു പകരം അംഗനവാടി വർക്കർമാരുടെ വേതനവിതരണറജിസ്റ്ററിലെ ഒരു പേജിൽ താൽകാലികമായി എഴുതിയുണ്ടാക്കിയാണ് ഓഡിറ്റ് സമയത്ത് ഹാജരാക്കിയത്. ആയത് സ്റ്റോക്ക് റജിസ്റ്ററായി കണക്കാക്കാനാവില്ല. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായാണോ ഫർണിച്ചറുകൾ വാങ്ങിയത് എന്നും, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഉപയോഗപ്രദമായ ഫർണിച്ചറുകളാണോ വാങ്ങിയത് എന്നും വ്യക്തമല്ലാത്തതിനാൽ ബഡ്സ് സ്കൂളിന്റെ പ്രവർത്തനം, കുട്ടികളുടെ എണ്ണം, ഫർണിച്ചറുകൾ വാങ്ങൽ എന്നിവ സംബന്ധിച്ച വിശദമായറിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ കാരണങ്ങളാൽ ചെലവ് തുക ₹ 51204 തടസ്സപ്പെടുത്തുന്നു.

# 1-31 പാലിയേറ്റീവ് പരിചരണ പദ്ധതി-അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.മുണ്ടേരി |
| പ്രോജക്ട് നം. | 8/19 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് പരിചരണ പദ്ധതി. |

| | |
|---|---|
| അടങ്കൽ | ₹ 454800. |
| ചെലവ് | ₹ 454800 |

1. സ.ഉ(സാധാ)നം.3217/2015/ത.സ്വ.ഭ.വ തീയ്യതി.29.10.2015 നമ്പർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

പ്രസ്തുത ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ്കമ്മിറ്റി (PMC) രൂപീകരിച്ച്. രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതുമാണ്. മുണ്ടേരി ഗ്രാമ പഞ്ചായത്തിൽ PMC യുടെ യോഗം 2018-19 സാമ്പത്തിക വർഷത്തിൽ 13.8.18,22.1.19,18.3.19 എന്നീ തീയതികളിൽ മാത്രമാണ് ചേർന്നിട്ടുള്ളത്.

പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി എല്ലാമാസവും 5-ാം തീയ്യതിക്കുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ്കെയർ നിർവ്വഹണംവിലയിരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ രണ്ട് പ്രതിമാസയോഗങ്ങൾക്കിടയിലും ഈകമ്മിറ്റിക്ക് യോഗംചേരാം. P.I.C യുടെ യോഗം 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നടന്നിട്ടില്ല. . എല്ലാമാസവും 5-ാംതീയ്യതിക്കുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.5.6 അനുസരിച്ച് പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽനിന്ന് തുക ചെലവഴിക്കാൻ പാടില്ല. ആയതിനാൽ പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് പെയിൻ&പാലിയേറ്റീവ് പരിചരണം കുറ്റമറ്റതും കാര്യക്ഷമവുമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും സർക്കാർ ഉത്തരവ് പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം നല്കേണ്ടതുമാണ് .

# 1-32 മെഡിക്കൽ ഓഫീസർ സി.എച്ച്.സി.മുണ്ടേരി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ-അപാകങ്ങൾ.

(എ) ആർദ്രം പദ്ധതി-മുണ്ടേരി സി.എച്ച് .സി.യിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ.

| | |
|---|---|
| പ്രോജക്ട് നം. | 65/19 |
| പ്രോജക്ടിന്റെ പേര് | ആർദ്രം പദ്ധതി-മുണ്ടേരി പി.എച്ച്.സിയിൽ അടിസ്ഥാന സൗകര്യം ഒരുക്കൽ. |
| അടങ്കൽ | ₹ 437540 – സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് | ₹394523 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. മുണ്ടേരി |

മേൽ പദ്ധതിയുടെ ഭാഗമായി 22.2.2019-ലെ ബിൽ നം.13/18-19-ൽ ഉൾപ്പെട്ട 63900 രൂപയ്ക്ക് 11.2.2019-ലെ ഇൻവോയ്സ് നം എഫ് /36750/18-19, ഇൻവോയ്സ് നം എഫ് /36749/18-19 -പ്രകാരം Nikshan Electronics Kannur എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിച്ച ലാപ്ടോപ്,അനുബന്ധ സാധനങ്ങൾ,പ്രൊജക്ടർ,പ്രൊജക്ടർ

സ്ക്രീൻ എന്നിവ സ്റ്റോക്കിലെടുത്തതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം ലഭ്യമാക്കുവാനും,പ്രസ്തുത സാധനങ്ങളുടെ ക്ഷമതാ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്ന് വാങ്ങിച്ചതിന്റെ പകർപ്പ് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.22/18-19 തീയ്യതി.18.3.2020)നൽകിയ മറുപടി തൃപ്തികരമല്ല.രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി)ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്.

| | |
|---|---|
| പ്രോജക്ട് നം. | 68/19 |
| പ്രോജക്ടിന്റെ പേര് | ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്. |
| അടങ്കൽ | ₹ 25000 – തനത് ഫണ്ട് |
| ചെലവ്<br>ചെക്ക് നം./തീയ്യതി/തുക | 5075760/27.3.2019/₹24983 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. മുണ്ടേരി |

മേൽ പദ്ധതിയുടെ ഭാഗമായി 24983 രൂപയ്ക്ക് 6.3.2019-ലെ ഇൻവോയ്സ് നം എം.കെ 10438/18-19, /36750/18-19, -പ്രകാരം Medilink enterprises(p)LTD പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങിച്ച അവസരത്തിൽ ക്വട്ടേഷൻ ക്ഷണിക്കാതെ സാധനം വാങ്ങിച്ചതിന്റെ കാരണം ലഭ്യമാക്കുവാനും,പ്രസ്തുത സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.22/18-19 തീയ്യതി.18.3.2020) ഇത് സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കാൻ സമയം അനുവദിക്കണമെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(സി).കാൻസർ നിർമാർജ്ജന ഗ്രാമം (സംയുക്തം).

| | |
|---|---|
| പ്രോജക്ട് നം. | 67/19 |
| പ്രോജക്ടിന്റെ പേര് | കാൻസർ നിർമാർജ്ജന ഗ്രാമം (സംയുക്തം) |
| അടങ്കൽ | ₹ 50000 – തനത് ഫണ്ട് |
| ചെലവ് | ₹50000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.മുണ്ടേരി |

മേൽ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 50000 രൂപയിൽ ചെക്ക് നമ്പർ 3164818-ൽ ഉൾപ്പെട്ട 39800/- രൂപയിൽ കാൻസർ സർവ്വേയ്ക്ക് വേണ്ടി വീട് സന്ദർശിക്കുന്നവർക്ക് ഒരു വീടിന് 5 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന സർവ്വേ നടത്തിയ വ്യക്തികൾക്ക് ഇതിൽ നിന്നും വ്യത്യസ്തമായ തുക അനുവദിക്കാനുണ്ടായതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | സർവ്വേ നടത്തിയ വളണ്ടിയർ മാരുടെ പേര് | സന്ദർശനം നടത്തിയ ആകെ വീടുകൾ | വീടൊന്നിന് അനുവദിച്ച തുക | അനുവദിക്കാവുന്ന ആകെ തുക | ബാങ്ക് അക്കൗണ്ട് നമ്പർ | അനുവദിച്ച തുക ₹ | അധികം അനുവദിച്ച തുക ₹ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | @ 5 | ₹ | | | |
| 1 | ബിന്ദു.എം.പി | 158 | 158X5=790 | 790 | 42172200 129400 | 1287 | 497 |
| 2 | ഗിരിജ.എം.കെ | 158 | 158X5=790 | 790 | 42172200 129414 | 1533 | 743 |
| 3 | ജയന്തി.സി | 158 | 158X5=790 | 790 | 42172200 128190 | 1381 | 591 |
| 4 | വിജിത.സി | 158 | 158X5=790 | 790 | 42172200 048858 | 1632 | 842 |
| 5 | ചിത്രാംഗി.സി.എം | 158 | 158X5=790 | 790 | 42172200 129207 | 1892 | 1802 |
| 6 | അനിത.പി | 158 | 158X5=790 | 790 | 42172200 128914 | 1296 | 506 |
| 7 | സീത.വി.കെ | 158 | 158X5=790 | 790 | 42172200 129042 | 1289 | 499 |
| 8 | ഉഷ.കെ.എസ് | 158 | 158X5=790 | 790 | 42172200 129621 | 1088 | 298 |
| 9 | ഭാനുമതി.വി | 158 | 158X5=790 | 790 | 42172200 128687 | 2033 | 1243 |
| 10 | ജ്യോതി.കെവി | 158 | 158X5=790 | 790 | 42412200 075732 | 979 | 189 |
| 11 | ഗീത.കെ | 158 | 158X5=790 | 790 | 42172200 129582 | 1069 | 279 |
| 12 | റീന .കെ | 158 | 158X5=790 | 790 | 42172200 129617 | 1835 | 1045 |
| 13 | അജിത.പി.വി | 158 | 158X5=790 | 790 | 42172200 092658 | 1178 | 388 |
| 14 | പ്രസന്ന.എം.പി | 158 | 158X5=790 | 790 | 42172200 128185 | 1320 | 530 |
| 15 | അനിത.കെ | 158 | 158X5=790 | 790 | 42172200 129360 | 1613 | 823 |
| 16 | അനിത.എൻ.വി | 158 | 158X5=790 | 790 | 42172200 129578 | 1079 | 289 |
| 17 | പുഷ്പവല്ലി.കെ | 158 | 158X5=790 | 790 | 42172200 075693 | 903 | 113 |
| 18 | മിനി പ്രസാദ് | 158 | 158X5=790 | 790 | 42172200 075689 | 1183 | 393 |
| 19 | പ്രേമലത.പി | 158 | 158X5=790 | 790 | 42172200 | 1187 | 397 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 075728 | | |
| 20 | പ്രസീത.കെ | 158 | 158X5=790 | 790 | 42172200 075747 | 1192 | 402 |
| 21 | ഷീബ.കെ | 173 | 173X5=865 | 865 | 42172200 075954 | 1026 | 161 |
| 22 | ഉഷ.കെ | 158 | 158X5=790 | 790 | 42412200 069611 | 1230 | 440 |
| 23 | അനിത.എം | 173 | 173X5=865 | 865 | 42412200 075969 | 1088 | 223 |
| 24 | ശോഭന.കെ | 173 | 173X5=865 | 865 | 42412200 075973 | 960 | 95 |
| 25 | സബിത.സി | 158 | 158X5=790 | 790 | 42412200 075674 | 2024 | 1234 |
| 26 | രമണി.പി.പി | 158 | 158X5=790 | 790 | 42172200 128952 | 1324 | 534 |
| 27 | ഷൈജ.കെ.വി | 158 | 158X5=790 | 790 | 42412200 075713 | 1031 | 241 |
| 28 | ഹരിണി ശ്രീനിവാസൻ | 158 | 158X5=790 | 790 | 42172200 129674 | 1159 | 369 |
| 29 | മിനിമോൾ.ഇ | 158 | 158X5=790 | 790 | 42172200 129506 | 1301 | 511 |
| 30 | വിനോദിനി.കെ | 158 | 158X5=790 | 790 | 42172200 129380 | 993 | 203 |

മുകളിൽ കൊടുത്ത പ്രകാരം കാൻസർ സർവ്വെ നടത്തിയ വ്യക്തികൾക്ക് വേതന ഇനത്തിൽ അധിക തുക അനുവദിച്ചതിന്റെ കാരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.22/18-19 തീയ്യതി.18.3.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

(ഡി).ആർദ്രം പദ്ധതി ഈവിനിംഗ് ഒ.പി സേവനം നടപ്പിലാക്കൽ.

| | |
|---|---|
| പ്രോജക്ട് നം. | 66/19 |
| പ്രോജക്ടിന്റെ പേര് | ആർദ്രം പദ്ധതി ഈവിനിംഗ് ഒപി സേവനം നടപ്പിലാക്കൽ. |
| അടങ്കൽ | ₹ 200000 |
| ചെലവ് | ₹187667 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച് .സി.മുണ്ടേരി |

മേൽ പദ്ധതിയുടെ ഭാഗമായി വിവിധ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിച്ച തുകയിൽ ഫാർമസിസ്റ്റായി താൽക്കാലിക നിയമനം ലഭിച്ച Naseebunnisa.C.K-യ്ക്ക് 15.8.18 മുതൽ 30.11.2018 വരെ വേതനയിനത്തിൽ

അനുവദിച്ച 49667 രൂപ (ചെക്ക് നമ്പർ7344-തീയ്യതി- 20.12.2018) ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചതിന്റെ രേഖകളും , Naseebunnisa.C.K -യുടെ ബാങ്ക് അക്കൗണ്ടിന്റെ പകർപ്പും, പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 55000രൂപയുടെ ചെലവ് സംബന്ധിച്ച രേഖകളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/18-19 തീയ്യതി.18.3.2020) നൽകിയ മറുപടി തൃപ്തികരമല്ല. രേഖകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഇ) മുണ്ടേരി സി.എച്ച് .സി കുടുംബക്ഷേമ കേന്ദ്രത്തിന് ഫർണിച്ചർ വാങ്ങൽ.

| | |
|---|---|
| പ്രോജക്റ്റ് നം. | 91/19 |
| പ്രോജക്റ്റിന്റെ പേര് | മുണ്ടേരി സി.എച്ച്.സി കുടുംബക്ഷേമ കേന്ദ്രത്തിന് ഫർണിച്ചർ വാങ്ങൽ. |
| അടങ്കൽ | ₹ 177460 |
| ചെലവ് | ₹139719 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. മുണ്ടേരി |

മേൽ പദ്ധതിയുടെ ഭാഗമായി വാങ്ങിച്ച മുഴുവൻ സാധനങ്ങളും സ്റ്റോക്കിലെടുത്തതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം ലഭ്യമാക്കുവാനും, വിതരണവിവരം കൈപ്പറ്റ് രസീത് സഹിതം ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/18-19 തീയ്യതി.18.3.2020) നൽകിയ മറുപടി തൃപ്തികരമല്ല. രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 കമ്പ്യൂട്ടർ ഇല്ലാത്ത ഹോമിയോ ഡിസ്പൻസറിക്ക് കമ്പ്യൂട്ടർ ടേബിൾ വാങ്ങിനൽകി

പ്രോജക്റ്റ് നമ്പർ - 69/19 ഹോമിയോ ഡിസ്പൻസറിക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

നിർവഹണം - സെക്രട്ടറി

അടങ്കൽ - 159605 (സംരക്ഷണ ഗ്രാന്റ് റോഡിതരം)

ബിൽ നമ്പർ- 18190152015901211512 തീയ്യതി- 15/2/19 ₹74918

ബിൽ നമ്പർ - 18190152015900752516 തീയ്യതി- 31/10/18₹85407

ഹോമിയോ ഡിസ്പൻസറിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി kerala Small Industries Development Corporation എന്ന സ്ഥാപനത്തിൽ നിന്നും താഴെ പ്രതിപാദിക്കുന്ന ഇൻവോയ്സുകൾ പ്രകാരം ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.

1.Invoice No.SSEKNR/17-18/TI/122 dt 31/12/2018 ₹74198

2.Invoice No. SSEKNR/17-18/TI/30 dt 27/12/2018 ₹85407

ഇതിൽ ഹോമിയോ ഡിസ്പൻസറിയിലേക്ക് Steel Computer Table 120x75x75cm 20g With CPU provision & Key Board And One Drawer (₹8690), Computer Chair with Arm 22g (₹4370) വാങ്ങിനൽകിയിട്ടുണ്ട്. എന്നാൽ ഹോമിയോ ഡിസ്പൻസറിയിൽ പ്രവർത്തനക്ഷമമായ എത്ര എണ്ണം ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളുണ്ടെന്ന വിവരം ലഭ്യമാക്കണമെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 12/18-19 തീയ്യതി 11.03.2020) മറുപടിയായി ഹോമിയോ ഡിസ്പൻസറിയിൽ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ ഒന്നും ഇല്ല എന്ന്

അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടറുകൾ ഇല്ലാതെ കമ്പ്യൂട്ടർ ടേബിൾ, കസേര എന്നിവ വാങ്ങിയതിനാൽ ₹13060 അനാവശ്യ ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു .പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 ക്ഷേമ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻ തുക അക്കൗണ്ടിലേക്ക് നൽകി

മുണ്ടേരി ഗ്രാമ പഞ്ചായത്തിൽ നിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റി വന്നിരുന്നതും മരണപ്പെട്ടവരുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട് മാസങ്ങൾ കഴിഞ്ഞിട്ടും നാളിതു വരെയായി അവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യപ്പെടാത്തത് കാരണം ഇപ്പോഴും ബാങ്ക് അക്കൗണ്ടുകളിൽ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നതായി കാണുന്നു.വിശദവിവരം ചുവടെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | മരണശേഷം വിതരണം ചെയ്ത തുക | വിതരണമാസം |
|---|---|---|---|---|---|
| വെള്ളുവക്കണ്ടി തുമ്പത്ത് കുഞ്ഞാമിന | 462125192450 | 111430600906 (വിധവ പെഷൻ) | 29.10.2017 | 25900 | 11/17 - 1100/ -<br>12/17 -3/18 – 4400/-<br>4/18- 7/18 -4400/-<br>8/18-11/18 – 4400/-<br>12/18 -4/19 – 5600/-<br>5/19 -7/19 – 3600/-<br>8/19-9/19 – 2400/- * |
| ആകെ | | | | | 25900/- |

ഇതിൽ 8/19 മുതൽ 9/19 വരെ അനുവദിച്ച 2400/-രൂപ മസ്റ്ററിംഗ് നടത്താത്തതിനാൽ തുക തടഞ്ഞുവച്ചിരിക്കയാണ്.ഇതിന് മുന്നെ നൽകിയ 23500/-രൂപ മരണശേഷം ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇപ്പോഴും പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്.

ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ

വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. എസ്.എഫ്.സി-ബി2/53/2017/ധന തീയതി 22/01/2018 നമ്പർ സർക്കുലർ പ്രകാരം ഒരു ഗുണഭോക്താവ് മരണപ്പെട്ട വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യത ആയിരിക്കുന്നതാണ്. ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനുവദിച്ച തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അത് തിരിച്ചടക്കാൻ അനന്തരാവകാശികൾക്ക് പ്രാദേശിക സർക്കാർ നോട്ടീസ് നൽകേണ്ടതും തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. അതുപോലെ മരണപ്പെട്ടവരേയും സ്ഥലം മാറിപ്പോയവരേയും ഒഴിവാക്കിക്കൊണ്ട് സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താക്കളുടെ പുതുക്കിയ ലിസ്റ്റ് പ്രാദേശിക സർക്കാർ തയ്യാറാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23 തീയ്യതി :18-03-2020 ) ഹാജരാക്കിയ മറുപടിയിൽ തുക ബാങ്കിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്.അനർഹമായി കൈപ്പറ്റിയ തുക എത്രയും വേഗം തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും സമാനമായ രീതിയിൽ മരണശേഷം ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക നൽകിയിട്ടുണ്ടെങ്കിൽ പരിശോധന നടത്തി അവരിൽ നിന്നും തുക തിരിച്ച് പിടിക്കാൻ നടപടി കൈക്കൊള്ളേണ്ടതാണ്. ഇപ്രകാരം പരിശോധന നടത്തി പെൻഷൻ തുക തിരിച്ചടച്ചതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-35 ജി എസ് ടി വിഹിതം കൃത്യമായി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കുന്നില്ല.

31-3-2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം ജി എസ് ടി ഇനത്തിൽ ആകെ അടവാക്കാനുണ്ടായിരുന്ന ജി എസ് ടി തുക CGST -₹18906, SGST - ₹18906 (ആകെ ₹37812 ) ആണ്. എന്നാൽ ഏപ്രിൽ 2018 ൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | വൗച്ചർ നമ്പർ / തീയ്യതി | ചെക്ക്നമ്പർ തീയ്യതി | ഇനം | തുക |
|---|---|---|---|---|
| 1 | 21800022/12.4.18 | 497208/12.2.18 | CGST | 18306 |
| 2 | 21800026/12.4.18 | 497208/12.2.18 | SGST | 18306 |
| | ആകെ | | | ₹36612 |

₹1200 അടവാക്കാത്തതിന് കാരണം വ്യക്തമാക്കണമെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 1/18-19 തീയ്യതി 09.03.2020) നൽകിയ മറുപടിയിൽ തുക കൃത്യമായി തൻമാസം അടവാക്കിയിട്ടില്ലെന്നും ബാക്കിയുണ്ടായിരുന്ന തുക മെയ് മാസം മാത്രമാണ് അടവാക്കിയതെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സർക്കാരിലേക്ക് അടവാക്കാനുള്ള തുകകൾ യഥാസമയം അടവാക്കുന്നുണ്ടെന്ന് ഭാവിയിൽ ഉറപ്പുവരുത്തേണ്ടതാണ്.

# 1-36 പ്രതിമാസ പരിധി ബാധകമാക്കാതെ ഡ്രൈവർക്ക് യാത്രാബത്ത അനുവദിച്ചു - ₹6749 തിരിച്ചടവാക്കേണ്ടതാണ്

വൗച്ചർ നമ്പർ- 21800250/13/7/2018

ചെക്ക് നമ്പർ- nil/13.7.18 ₹24559/-

സർക്കാർ ഉത്തരവ് (അച്ചടി) 137/2016 തീയ്യതി. 09/09/2016 പ്രകാരം ഭാഗിക ജില്ല അധികാര പരിധിയുള്ള ഗ്രേഡ് IV ഉദ്യോഗസ്ഥർക്ക് പ്രതിമാസം അനുവദിക്കാവുന്ന പരമാവധി യാത്രാബത്ത ₹1380 ആണ്. എന്നാൽ മുണ്ടേരി ഗ്രാമപഞ്ചായത്തിലെ ദിവസ വേതന ഡ്രൈവർക്ക് താഴെ പ്രതിപാദിക്കും പ്രകാരം യാത്രാബത്ത ഇനത്തിൽ അധികം തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമനമ്പർ | യാത്രനടത്തിയ മാസം | നൽകിയ തുക | നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|
| 1 | മാർച്ച് 2017 | 1875 | 1380 | 495 |
| 2 | ഏപ്രിൽ 2017 | 2250 | 1380 | 870 |
| 3 | മെയ്2017 | 2125 | 1380 | 745 |
| 4 | ജൂൺ 2017 | 1750 | 1380 | 370 |
| 5 | ജൂലൈ 2017 | 2327 | 1380 | 947 |
| 6 | ആഗസ്ത് 2017 | 2000 | 1380 | 620 |
| 7 | സപ്തംബർ 2017 | 1625 | 1380 | 245 |
| 8 | ഓക്ടോബർ 2017 | 1750 | 1380 | 370 |
| 9 | നവമ്പർ 2017 | 1877 | 1380 | 497 |
| 10 | ജനുവരി 2018 | 1875 | 1380 | 495 |
| 11 | ഫിബ്രവരി 2018 | 1980 | 1380 | 600 |
| 12 | മാർച്ച് 2018 | 1875 | 1380 | 495 |
| | ആകെ | 23309 | 16560 | 6749 |

സർക്കാർ നിശ്ചയിച്ച നിരക്കിൽ പരിമിതപ്പെടുത്താതെ യാത്രാബത്ത അധികം നൽകിയതിന്റെ അടിസ്ഥാനം എന്തെന്ന് വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-3/18-19 തീയ്യതി 09.03.2020) നൽകിയ മറുപടിയിൽ അധികം നൽകിയ തുക തിരിച്ചടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 6749/- രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 1-37 ലൈബ്രറി സെസ്സ് കൃത്യമായി അടവാക്കുന്നില്ല.

വൗച്ചർ നമ്പർ- 21800793/12.2.2019

ചെക്ക് നമ്പർ- 5075721/12.2.2019 ₹105276

കേരള ലൈബ്രറി കൗൺസിൽ സീനിയർ ഫിനാൻസ് ഓഫീസർ 04.10.2018 തീയ്യതിയിൽ എ3/3098/18 നമ്പർ കത്ത് പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷത്തെ ആദ്യ അർധവർഷത്തിലെ ലൈബ്രറി സെസ്സ് ഇനത്തിലുള്ള തുക (₹105276) മേൽ ചേർത്ത വൗച്ചർ പ്രകാരം അടവാക്കിയിട്ടുണ്ട്. എന്നാൽ 30.09.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം ആകെ ₹162380 രൂപ ലൈബ്രറി സെസ്സ് ഇനത്തിൽ ബാക്കിയുണ്ട്. ഇതിൽ ₹57104 അടവാക്കിയിട്ടില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/18-19 തീയ്യതി :11-03-2020 ക്ക് മറുപടിയായി അടുത്ത തവണ കുടിശ്ശിക

തുകയുൾപ്പെടെ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2018-19-ലെ ബാലൻസ് ഷീറ്റിലെ B9 ഷെഡ്യൂൾ പ്രകാരം ₹ 171476 അടവാക്കാൻ ബാക്കിയുണ്ട്. തുക കൃത്യമായി ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-38 നിശ്ചിത നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷുറൻസ് പോളിസി അടവാക്കുന്നില്ല

സംസ്ഥാന സർവ്വീസിൽ 19/8/1976-നോ, അതിനു ശേഷമോ പ്രവേശിക്കുന്ന അമ്പത് വയസ്സ് തികയാത്ത ഉദ്യോഗസ്ഥർ നിശ്ചിത നിരക്കിൽ സംസ്ഥാന ലൈഫ് ഇൻ ഷുറൻ സ് പോളിസി എടുക്കേണ്ടതാണ്. എന്നാൽ താഴെ പ്രതിപാദിക്കുന്ന ഉദ്യോഗസ്ഥർ Go(p) 149/2016/ധന.4.10.2016 പ്രകാരം പുതുക്കി നിശ്ചയിച്ച നിരക്കിൽ പ്രീമിയം അടവാക്കുന്നില്ല.

1)മഹിജ കായാട്ടുകണ്ടി, അസി.സെക്രട്ടറി,
അടിസ്ഥാന ശമ്പളം - 38500
അടവാക്കേണ്ട തുക - 500
അടവാക്കുന്നത്- 475
2) ശ്രീനിവാസൻ സികെ (ജൂനിയർ സൂപ്രണ്ട് )
അടിസ്ഥാന ശമ്പളം - 37500
അടവാക്കേണ്ടത് 500
അടവാക്കുന്നത്-250

ആയതിന് കാരണം അറിയിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/18 :11-03-2020 ന് മറുപടിയായി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് സെക്രട്ടറി മറുപടി നൽകിയത്. ആയത് ത്വരിതപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 സ്റ്റേഷനറി സാധനങ്ങൾ സ്റ്റോക്ക് റജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ₹72659 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ - 21800500/31.10.18₹72659/-

ചെക്ക് നമ്പർ- 426068/31.10.18

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ഇൻവോയ്സ് നമ്പർ PGT/GSTINV/1034/2018-19 dt 27-10-2018 പ്രകാരം ₹64757 ന്റെ സ്റ്റേഷനറി സാധനങ്ങൾ (86ഇനങ്ങൾ) വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് റജിസ്റ്റർ പരിശോധിച്ചപ്പോൾ ആയത് സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. ആയത് വിതരണം ചെയ്യുന്നതിന്റെ രേഖകളും ലഭ്യമല്ല. സ്റ്റേഷനറി ഇനങ്ങൾ എങ്ങനെ വിതരണം ചെയ്യുന്നു എന്നും, നിലവിൽ ഓരോ ഇനവും എത്ര എണ്ണം ബാക്കിയുണ്ടെന്നും വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.6/18-19 തീയ്യതി :09-03-2020 ന് മറുപടി ലഭ്യമാക്കിയിട്ടുമില്ല.

ആകെ തൻ വർഷം ₹64757 ന്റെ സാധനങ്ങളാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ 2017-18 ലെ ബാലൻസ് തുകയായ ₹7902 അടക്കം ₹72659 ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയിട്ടുണ്ട്. ആയതിനാൽ 2017-18 ൽ എത്ര സാധനങ്ങൾ ലഭ്യമായിട്ടുണ്ടെന്നും, അതിന് എത്ര തുക നൽകിയിട്ടുണ്ടെന്നും അറിയിക്കേണ്ടതാണന്ന് മേൽ പ്രതിപാദിച്ച ഓഡിറ്റ് അന്വേഷണം പ്രകാരം ആവശ്യപ്പെട്ടിരിരുന്നു. ആയതിനും മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ ₹72659 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-40 ശുചിത്വമിഷൻ ഫണ്ട് മുഴുവനും ചെലവഴിച്ചില്ല.

വൗച്ചർ നമ്പർ- 21800333/10.8.2018

ചെക്ക് നമ്പർ- 3089184/10.8.18 ₹200000

മഴക്കാല പൂർവ ശുചീകരണത്തിനായി വാർഡ് കമ്മിറ്റി കൺവീനർക്ക് നൽകുന്നതിനാണ് മെഡിക്കൽ ഓഫീസർ (പി എച്ച് സി) ക്ക് തുക അനുവദിച്ചിരിക്കുന്നത്. എന്നാൽ ചെലവു രേഖകൾ പരിശോധിച്ചപ്പോൾ വാർഡ് നമ്പർ 2 ൽ ആകെ അനുവദിച്ച ₹10000 വും ചെലവഴിച്ചതായികാണുന്നില്ല. കൺവീനറുടെ അക്കൗണ്ടിലേക്ക് തുക വരവുവന്നതായി പാസ്സ് ബുക്കിൽ(A/c No..42172200125359 Syndicate Bank) രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ തുക എങ്ങനെയാണ് വാർഡ് കൺവീനർക്ക് കൈമാറിയതെന്ന് വ്യക്തമാക്കേണ്ടതാണെന്ന് അറിയ്ക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 21/18-19 തീയ്യതി :17-03-2020) മറുപടിയായി അക്കൗണ്ട് നമ്പർ തെറ്റായി നൽകിയതിനാൽ തുക കൺവീനറുടെ അക്കൗണ്ടിലേക്ക് വന്നിട്ടില്ല എന്നാണ് സെക്രട്ടറി അറിയിച്ചത്. ചെലവഴിക്കാതെ ബാക്കിനിൽക്കുന്ന പ്രസ്തുത തുക ശുചിത്വമിഷൻ ഫണ്ടിലേക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കുമ്മായവിതരണം - സർക്കാർ ഉത്തരവ് പാലിക്കാതെ അധിക സബ്സിഡി ൽകിയ 94744/-രൂപ അഗീകരിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ പേര് | സമഗ്ര നെൽകൃഷി വികസനം |
| പ്രോജക്റ്റ് നം | 26/19 |
| അടങ്കൽ | 3285000/-<br>1869500 - വികസനഫണ്ട് ജനറൽ<br>100000/- തനത് ഫണ്ട്<br>1130500/- ബ്ലോക്ക് വിഹിതം<br>185000/- മറ്റുള്ളവ |
| ബിൽ നം | 5/14.12.2018 |
| ആകെ ചെലവ് തുക | 2569755/- |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി പാടശേഖര സമിതികൾക്ക് നെൽവിത്തും രാസവളവും കുമ്മായവും വിതരണം നടത്തിയിട്ടുണ്ട്. കുമ്മായ വിതരണത്തിനായി 379000/-രൂപ ബിൽ നം.5/14.12.2018

പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്)22/18 തീ.14.02.2018 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1 പ്രകാരം ജനറൽ വിഭാഗത്തിൽ വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും കുമ്മായത്തിന് അനുവദനീയമായ പരമാവധി സബ്സിഡി നിരക്ക് 75% ആണ്. എന്നാൽ വിലയുടെ 100% തുകയാണ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളത്. കമാൽ പീടികയിലെ മുണ്ടേരി ആഗ്രോ സർവ്വീസ് സെന്ററിൽ നിന്നും 23.11.2018 തീയ്യതിയിൽ കാഷ് ബിൽ/ ഇൻവോയിസ് നം.108പ്രകാരം കിലോഗ്രാമിന് 14 രൂപ നിരക്കിൽ 9 പാടശേഖരസമിതിക്കായി വാങ്ങിയ ആകെ 27072കി.ഗ്രാം കുമ്മായത്തിന് ബില്ലിലെ തുക 3,79,008/-രൂപയിൽ 3,79,000/-രൂപയും നൽകുകയായിരുന്നു. 379008/-രൂപയുടെ 75% ആയ 284256/-രൂപയാണ് സർക്കാർ നിശ്ചയിച്ച മാനദണ്ഡ പ്രകാരം ഈ ബില്ലിൽ സബ്സിഡിയായി അനുവദിക്കാവുന്നത്. കൂടുതൽ അളവിൽ കുമ്മായം വാങ്ങിച്ചതായ മറ്റു ബില്ലുകളൊന്നും ഹാജരാക്കിയിട്ടില്ല. 94744/- രൂപ അധിക സബ്സിഡിയായി നൽകി.

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 12-03-2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17) 20.03.2020 തീയ്യതിയിൽ സമർപ്പിച്ച മറുപടിയിൽ പഞ്ചായത്തിൽ 2018-19 വർഷം 133 ഹെക്ടർ കൃഷിചെയ്തിട്ടുണ്ടെന്നും ഇതിൽ 27076 കിലോഗ്രാം വെറും 45.12 ഹെക്ടർ സ്ഥലത്ത് മാത്രമേ മതിയാകുകയുള്ളൂവെന്നും ബാക്കി കർഷകർ സ്വന്തമായി വാങ്ങി ഉപയോഗിക്കുകയാണ് ചെയ്തതെന്നും അറിയിക്കുകയാണുണ്ടായത്.

സർക്കാർ സബ്സിഡി അനുവദിക്കുന്നത് ഗുണഭോക്താക്കൾ മുതൽമുടക്കുന്നതിന് പ്രോൽസാഹനം നൽകുന്നതിന് വേണ്ടിയാണ്. എന്നാൽ ഇവിടെ ഹാജരാക്കിയ രേഖകൾ പ്രകാരം ഗുണഭോക്താക്കളുടെ ആകെ മുതൽ മുടക്ക് 379008/-രൂപ മാത്രമാണ്. ബാക്കി അളവിൽ കർഷകർ സ്വന്തമായി വാങ്ങിയതായ ബില്ലുകളൊന്നും ഓഡിറ്റ് അവസാനിക്കുന്ന തീയ്യതിവരെ ഹാജരാക്കിയിട്ടില്ല. കർഷകർ വാങ്ങുന്ന കുമ്മായത്തിന്റെ ബില്ലുകളിലെ തുകകളുടെ 75% തുകയിൽ പരിമിതപ്പെടുത്തി നൽകുന്നതിന് പകരം ആകെ വാങ്ങിച്ച കുമ്മായത്തിന്റെ വിലയുടെ 100% വും അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല.

ജി.ഒ.(എം.എസ്)22/18 തീ.14.02.2018 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കാവുന്നതാണ്. ആയതിനാൽ രേഖകളോ ബില്ലുകളോ ഇല്ലാതെ വാങ്ങിച്ചതായി പറയുന്ന സാധനങ്ങൾക്ക് സബ്സിഡി അനുവദനീയമല്ല. അധിക സബ്സിഡിയായി നൽകിയ 94744/-രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 08.07-19 മുതൽ 11-07-19 വരെ | കെ.എസ്.എ./ കെ.എൻ.ആർ./ സി.6/1331/2019<br>തീയതി: 14.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1130500 | സമഗ്ര നെൽകൃഷി വികസന പദ്ധതി-പ്രോജ.നം. 26 | 1130500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 170000 | പച്ചക്കറി ഗ്രൂപ്പിനും വ്യക്തിക്കും-പ്രോജ.നം.28 | 170000 | 0 |
| ജില്ലാ പഞ്ചായത്ത് | 60000 | കാർഷിക സ്വയം പര്യാപ്തഗ്രാമം-പ്രോജ.നം.39 | 60000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | പാലുൽപ്പാദന ബോണസ് പദ്ധതി-പ്രോജ.നം.57 | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 150000 | പാലുൽപ്പാദന ബോണസ് പദ്ധതി-പ്രോജ.നം.57 | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 105600 | പാലിയേറ്റീവ് പരിചരണ പദ്ധതി-പ്രോജ.നം.8 | 105600 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | പാലിയേറ്റീവ് പരിചരണ പദ്ധതി-പ്രോജ.നം.8 | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 587500 | ലൈഫ് പദ്ധതി ഭവന നിർമ്മാണം(ജനറൽ)-പ്രോജ.നം.23 | 587500 | 0 |
| ജില്ലാ പഞ്ചായത്ത് | 250000 | ശാരീരിക മാനസിക വൈകല്യം നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ഡ്രസ്സ് അലവൻസ്, വാർഷിക ബത്ത നൽകൽ-പ്രോജ.നം.18 | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 325000 | ശാരീരിക മാനസിക വൈകല്യം നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ഡ്രസ്സ് അലവൻസ്, വാർഷിക ബത്ത നൽകൽ-പ്രോജ.നം.18 | 325000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 1,22,873/- രൂപയുടെ മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കിതുകയുടെയും

വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം.തീയ്യതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | എസ്.സി കോളനിയിൽ സ്ട്രീറ്റ് ലൈൻ വലിക്കലും എൽ. ഇ.ഡി സ്ഥാപിക്കലും | 18190152019500860494 തീയതി 28.11.2018 | 122873 | 0 | 122873 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

വാർഷിക ധനകാര്യ പത്രികയിൽ ബി.12 ഷെഡ്യൂളിൽ 1700/-രൂപ സ്ഥിരനിക്ഷേപമായി കാണിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച് വിശദവിവരം പഞ്ചായത്തിൽ ലഭ്യമല്ല. തുകയുടെ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഈ ഇനത്തിൽ വരവ് വന്ന 750/- രൂപയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 2-2 1(1) | 250 | ഹരിദാസൻ എൻ.എ,എച്ച്.ഐ, പി.എച്ച്.സി | 118010104377 dtd 25.09.2018 |
| 2014-15 | 2-2 1(2) | 250 | റാണി ടോജോ , ക്ലാർക്ക് പി.എച്ച്.സി | 118010104378 dtd 25.09.2018 |
| 2014-15 | 2-2 1(3) | 250 | കാർത്തികേയൻ, ഒ.എ, പി.എച്ച്.സി | 118010104379 dtd 25.09.2018 |
| | | | | |

| | | | | |
|---|---|---|---|---|
| | ആകെ | 750/- | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2 അനുബന്ധം4 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,81,07,694 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,20,99,960 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 94,744 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,92,565 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 94,744 | ശ്രീമതി.ചിഞ്ചു വി.എസ്, കൃഷി ഓഫീസർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 264000 | ശ്രീമതി.ചിഞ്ചു വി.എസ്, കൃഷി ഓഫീസർ |
| 1-20 | 180000 | ശ്രീമതി.മഹിജ.കെ, അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 1-25 | 614910 | ശ്രീ. കെ. പ്രകാശൻ,സെക്രട്ടറി |
| 1-26 | 139585 | ശ്രീമതി.മുംതാസ് ടി.വി,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-27 | 1458 | ശ്രീമതി.മുംതാസ് ടി.വി,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-28 | 837793 | ശ്രീമതി.മുംതാസ് ടി.വി,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-29 | 11147 | ശ്രീമതി.മുംതാസ് ടി.വി,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-30 | 51204 | ശ്രീമതി മുംതാസ് ടി.വി.,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-33 | 13060 | ശ്രീ. കെ. പ്രകാശൻ,സെക്രട്ടറി |
| 1-36 | 6749 | ശ്രീ. സി.പി. സജീവൻ,സെക്രട്ടറി |
| 1-39 | 72659 | ശ്രീ. കെ. പ്രകാശൻ,സെക്രട്ടറി |
| ആകെ | 2192565 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ചിഞ്ചു വി.എസ്,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ | ചിഞ്ചൂസ് ഗാർഡൻ,<br>വെള്ളായണി, തിരുവനന്തപുരം |
| ശ്രീമതി.മഹിജ.കെ,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റൻറ് സെക്രട്ടറി, മുണ്ടേരി ഗ്രാമപഞ്ചായത്ത് | കയറ്റുകണ്ടി ഹൗസ്,<br>കണ്ണോത്തുംചാൽ, പി.ഒ ചൊവ്വ |
| ശ്രീ.കെ.പ്രകാശൻ,സെക്രട്ടറി | സെക്രട്ടറി,മുണ്ടേരി ഗ്രാമപഞ്ചായത്ത് | കോയിലേരിയൻ ഹൌസ്,<br>മാന്തോടം, കണ്ണാടിപ്പറമ്പ് |
| ശ്രീമതി.മുംതാസ്.ടി,വി<br>ഐ.സി.ഡി.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ടി.വി മൻസിൽ.കൊട്ടൂർ,<br>മലപ്പുറം |

| | | |
|---|---|---|
| സൂപ്പർവൈസർ | മുണ്ടേരി ഗ്രാമപഞ്ചായത്ത് | |
| ശ്രീ.സി.പി. സജീവൻ,സെക്രട്ടറി | സീനിയർ സൂപ്രണ്ട്, പി.എ.യു4-കല്ല്യാശ്ശേരി | ചന്ദ്ര നിവാസ്, മാവിലായി, പി.ഒ മാവിലായി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൻ.ആർ.സി6/786/19തീ.11.06.2019 | 2 |
| 2004-05 | കെ.എസ്.എ.കെ.എൻ.ആർ.സി6/786/19തീ.11.06.2019 | 1 |
| 2005-06 | കെ.എസ്.എ.കെ.എൻ.ആർ.സി6/786/19തീ.11.06.2019 | 0 |
| 2006-07 | കെ.എസ്.എ.കെ.എൻ.ആർ.സി6/786/19തീ.11.06.2019 | 2 |
| 2007-08 | കെ.എസ്.എ.കെ.എൻ.ആർ.സി6/786/19തീ.11.06.2019 | 3 |
| 2008-09 | കെ.എസ്.എ.കെ.എൻ.ആർ.സി6/786/19തീ.11.06.2019 | 1 |
| 2009-10 | കെ.എസ്.എ.കെ.എൻ.ആർ.സി6/786/19തീ.11.06.2019 | 1 |
| 2010-11 2011-12 | കെ.എസ്.എ.കെ.എൻ.ആർ.സി6/786/19തീ.11.06.2019 | 4 |
| 2012-13, 2013-14 | കെ.എസ്.എ.കെ.എൻ.ആർ.സി6/786/19തീ.11.06.2019 | 10 |
| 2014-15 | കെ.എസ്.എ.കെ.എൻ.ആർ.സി6/786/19തീ.11.06.2019 | 5 |
| 2015-16 | കെ.എസ്.എ.കെ.എൻ.ആർ.സി6/786/19തീ.11.06.2019 | 12 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ.സി6/786/19തീ.11.06.2019 | 5 |
| 2017-18 | കെ.എസ്.എ.കെ.എൻ.ആർ.സി6/1944/18തീ.19.12.2018 | 4 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.6/330/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയതി: 11.06.2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Munderi Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule | Amount |

| | | | |
|---|---|---|---|
| | | No | |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 32843427.50 |
| Cash | Cash | RP-40(a) | 38010.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1144590.00 |
| 130000000 | Rental income from Panchayat Properties | RP-3 | 6800.00 |
| 140000000 | Fees & User Charges | RP-4 | 614469.00 |
| 150000000 | Sale & Hire Charges | RP-5 | 40170.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 50371711.00 |
| 171000000 | Interest Earned | RP-9 | 441427.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9928145.00 |
| 350000000 | Other Liabilities | RP-36 | 299547.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 311000000 | Earmarked Funds | RP-29 | 28674.00 |
| 340000000 | Deposits Received | RP-34 | 41715.00 |
| 350000000 | Other Liabilities | RP-36 | 290668.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4849511.00 |
| 460000000 | Loans, Advances and Deposits | RP-47 | 50267.00 |
| | Grand total | | 100989131.50 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3942271.00 |
| 220000000 | Administrative Expenses | RP-12 | 934627.00 |
| 230000000 | Operations & Maintenance | RP-13 | 1408722.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5832443.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17947642.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 489025.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 2683972.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 780710.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 2403197.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 2629.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1000000.00 |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -1870.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 347264.00 |
| 350000000 | Other Liabilities | RP-36 | 5126798.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 176.00 |
| 280000000 | Prior Period Item | RP-26 | -3250.00 |
| 340000000 | Deposits Received | RP-34 | 85460.00 |
| 341000000 | Deposit Works | RP-35 | 3282.00 |
| 350000000 | Other Liabilities | RP-36 | 2251283.00 |
| 410000000 | Fixed Assets | RP-38 | 4314306.00 |
| 412000000 | Capital work in Progress | RP-40 | 12142003.00 |
| 460000000 | Loans, Advances and Deposits | RP-47 | 409270.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 38827531.50 |
| Cash | Cash | RP-40(b) | 61640.00 |
| | Grand Total | | 100989131.50 |

## അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Munderi Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5626079.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 70712.00 |
| 140000000 | Fee & User Charges | I-4(b) | 869969.00 |
| 150000000 | Sale & Hire Charges | I-5(b) | 40170.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 135855298.00 |
| 171000000 | Interest Earned | I-8 | 441427.00 |
| 180000000 | Other Income | I-9 | 0.0 |
| | Total Income | | 142903655.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10229961.00 |
| 220000000 | Administrative Expenses | I-11(b) | 934627.00 |
| 230000000 | Operations & Maintenance | I-12(b) | 1645122.00 |
| 240000000 | Interest & Finance Charges | I-13 | 176.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5832443.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 39360662.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 754221.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2683972.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 59931010.00 |
| 255000000 | Maintenance Projects | I-14(e) | 2403197.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 2629.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000000.00 |
| 270000000 | Provisions and Write off | I-16 | 5269.00 |
| 272000000 | Depreciation | I-17(a) | 4728735.00 |
| | Total Expenditure | | 129512024.00 |
| | Gross Surplus/ Deficit of income over Expenditure | | 13391631.00 |
| 280000000 | Prior Period Item | I-18 | 239362.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 13152269.00 |
| 290000000 | Transfer to Reserve Funds | | I-18(a) |

## അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Munderi Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 45588525.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 93484.00 |
| 312000000 | Reserves | B-3 | 36645493.00 |
| | Total Reserve & Surplus | | 82327502.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5961293.50 |
| | Total Grants, Contributions for Specific Purposes | | 5961293.50 |
| | Loans | | |
| | Current Liabilities & Provisions | | |
| | | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 514894.00 |
| 341000000 | Deposits Works | B-8 | 11324.00 |
| 350000000 | Other Liabilities | B-9 | 1204410.00 |
| | Total Current Liabilities and Provisions | | 1730628.00 |
| | TOTAL LIABILITIES | | 90019423.50 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 68802800.00 |
| 411000000 | Accumulated Depreciation | B-11 | -19488714.00 |
| 412000000 | Capital Work in Progress | B-11(a) | 1309082.00 |
| | Total Fixed Assets | | 50623168.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1700.00 |
| | Total Investments | | 1700.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 20914.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 450000000 | Cash and Bank Balance | B-17 | 38889171.50 |
| 460000000 | Loans, Advances and Deposits | B-18 | 484470.00 |
| | Total Current Assets, Loans and Advances | | 0.0 |

| | |
|---|---|
| Total Current Assets, Loans and Advances | 39394555.50 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 90019423.50 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.